Voting of Demands for Grants.

14-General Administration—Rs. 96,841.

Rama Varmha Tampuran.--Sir, with the permission of the House I beg to move the Budget for 14—'General Administration. The total of the Votable amount is Rs.96,841/-. The figures are simple and they do not require from me any elaborate explanation. As a matter of fact the figures and their classification are, I should think, absolutely self-explanatory. But in a Budget of the kind of General Administration' the figures themselves may not perhaps speak very much. It is more the use to which General Administration is put and the ways in which it is carried it is this I should think that should assess the value and success of any particular General Administration. I hope that I should not be far wrong if I presume that the Hon'ble Members will agree with me when I say that our administration is carried on in the most energetic manner possible and that this administration is second to none in India in its response to the public opinion of the land. I think I can boldly assert these two facts before the floor of this House and I think that even the strongest critic will not question these two statements about the present administration. Sir, when I say that the administration is carried on energeticallly and that it is done with the best interest of the people, I might be expected to give some greater details to substantiate what I mean. It will not be very irrelevant I should think to inform the House that even the number of papers that have been dealt with in the Huzur to-day will be one of the strongest indications to show what wide field the wheels of administration to-day cover. Where about 10 years back we were dealing with 13 to 14 thousand files, we are to-day dealing with 20 thousand. Where about 5 to 6 years back we had 14 Government departments, we have to-day about 17. If the House will permit I shall without touching the particulars and details of the several departments try to give a general bird's eye-view of the activities of the administration in the last few years. Take any department you like and you will find a strengthening; a reawakening and a further and more useful response to the needs of the situation. This House is aware as much as I am, as much as anybody else among the public, that the fate of our Tramway was in very great suspense only about three years back and to-day that Tramway is running with a good speed and that without touching the resources of own forests. We have arranged and we have found a way to run that department most economically and with the maximum usefulness to the State. Forests deserve a rest. We have been able to giv our forest a rest and at the same time to find funds to

LIBRARY ARCHIVES Kerala Legislative Assembly

run the Tramway and thus be of greater use to the department That is only one instance. If you move on to the 'Potteries' that Department was considered to be almost defunct few years ago. Lately it has almost come to life again; to-day we are almost sure of its rebirth. Again the Tanneries. I do not think we are absolutely despondent about it and though it may be rather premature to anticipate things to-day, I think it will be possible without great delay to try to rejuvenate that as well. Some correspondence is going on that subject. Coming on to the more prosaic and more common place departments, like the Co-operative Department, an enquiry is set on foot and we hope that within a few months we will be able to re-organise it and to set it on once more on its path of usefulness. In the Department of Education, the House is aware that a survey was done and a further report has been prepared on it. All possible information has been collected and if there is any deficiency as a result of the cumulative working of years that has to be rectified it can be done now. The same thing with the D. P. W., the same thing will all departments. Wherever you look you will see new schemes set on foot and greater activity pervading the day to day administration. I can claim this on the part of the General Administration, though for this my own presence is very very little.

In the wider fields, in the relation of the State with regard to the paramount power and with regard to other States I may say that about the scheme of federation the State has expressed its views very strongly and has done well to safeguard its position. The House may be assured that not a stone has been left unturned to assure to us the place we deserve in the scheme. Again with regard to railways. The broad gauge will be completed by October and we will have through connections with the whole of India within the next few months. I think even the name of the Mangalore-Madras Railway will be changed into Ernakulam-Madras Railway. With the line directly connected with the great cities like Madras, Bombay, Calcutta and Delhi, we can all envisage a bright future for the State. I am not prophesying, when I speak about these matters. Because these have become the actual facts of the situation. I have only just to remind the House of what the administration is going to do to-day. My task is very humble. I have simply to interpret things and I have only to remind the House what has been generally taking place. I have not to invent things. I am simply to state what has been taking place in the last few years to convince the House for what General Administration now stands for, what it has done and what it still hopes to do. (*Hear, hear*),

Sir, while just giving a short resume of the work of the

LIBRARY ARCHIVES Kerala Legislative Assembly

administration I am not unmindful of the great contribution made by the Hon'ble Members to its welfare, upkeep and prestige both inside and outside the State. Several of the suggestions that we have worked out have come from the Hon'ble Members themselves. Only we have taken them up seriously. We have gone into details and we have worked out as it is our duty to do, schemes out of the suggestions given by the Hon'ble Members themselves. We acknowledge the help from the Hon'ble Members with gratitude. The House itself has contributed to the success considerably. I need not at this stage go further into the details of the administration which will turn up one after another in the cut motions tabled under this head.

Motion No. 1.

Mr. K. Ayyappan:—*To reduce the allotment of Rs. 47,720 for Huzur Secretariat- Establishment by Re. 1/-. (on the policy of importing hands from other departments, to the Huzur.)*

സർ, ഞാൻ ഈ കട്ട് മോഷൻ അയച്ചിട്ടുള്ളതു് ഒരു വാൻജായേയൊ സാക്ടറി അവർകളേയോ കുറപ്പെടുത്തുവാൻ വേണ്ടിയല്ലാ ആദ്യമെ പറഞ്ഞുകൊള്ളുന്നു. ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ പെടാതെ ചിലർ സങ്കടമനുഭവിക്കുവാൻ ഇടവരുന്നുണ്ടെന്നുള്ള സംഗതി ഗവൺമെണ്ടിന്റെ ദൃഷ്ടിയിൽ കൊണ്ടുവരുവാൻ വേണ്ടിയാണു് ഞാൻ ഈ മോഷൻ അയച്ചിട്ടുള്ളതു്. വേറെ ഡിപ്പാർട്ട്മെണ്ടുകളിൽ നിന്നു് കൂടുതൽ സ്വീസും കൂടുതൽ ശമ്പളവുമുള്ളവരെ സാക്ടറിയേറ്റിൽ ഇടയ്ക്കു കൊണ്ടുവന്നു തിരികെ കയറ്റിയാൽ താഴെയിരിക്കുന്നവർ തെറിച്ചു പുറത്തുപോകാതെ യാതൊരു നിവൃത്തിയുമില്ല. അഥവാ തെറിച്ചു പുറത്തു പോയില്ലെങ്കിലും അവർക്കു മുന്നോട്ടു കയറുവാനുള്ള സൌകര്യം തീരെ ഇല്ലാതായി പോകുന്നു. ഗവൺമെണ്ടു് മറ്റു ഡിപ്പാർട്ട്മെണ്ടുകളിൽ നിന്നു് ഇങ്ങനെ കൂടുതൽ സ്വീസും കൂടുതൽ ശമ്പളവുമുള്ളവരെ കൊണ്ടുവരുന്നതു് സ്വീസിന്റെ എക്സിജൻസിയ്ക്കുവേണ്ടിയാണെന്നു പറഞ്ഞാൽ എക്സിജൻസി ശാസ്ത്രം നല്ല പരിചയമില്ലാത്ത എനിയ്ക്കു മറുപടി പറയുവാൻ സാധിച്ചില്ലെന്നു വരാം. എങ്കിലും രണ്ടുമൂന്നു പേരെ ഇങ്ങിനെ കൊണ്ടുവന്നതായിട്ടു് എനിക്കറിയാം. ഇതുപോലെ ഒരാളെ കൊണ്ടുവന്നപ്പോൾ അത്യാവശ്യകാര്യമാണെന്നു പറഞ്ഞു. അതും വേണമെങ്കിൽ കൂടാതെ കഴിക്കാമായിരുന്നു. അവിടെ നിന്നു് അതേ ശമ്പളത്തിൽ പുതിയ ഒരാളെ പിടിച്ചുകൊണ്ടുവരികയും വേണ്ടായിരുന്നു. അതും തള്ളാം. അതിനു മുമ്പും കുറെ ആളുകളെ കൊണ്ടുവന്നു. എനിക്കു പറയുവാനുള്ളതു്, ഹുജൂർ സാക്ടറിയേറ്റിൽ പ്രാതിനിദ്ധ്യം കുറഞ്ഞ സമുദായങ്ങൾക്കു് പ്രാതനിദ്ധ്യം കൊടുക്കുവാനുള്ള

LIBRARY ARCHIVES Kerala Legislative Assembly

ശ്രദ്ധ ഈ അടുത്ത കാലത്താണ് കുറെ ഉണ്ടായതു്. എന്നാൽ അവരെ വെറുതെ സിക്രട്ടറിയേറ്റിൽ കയറ്റിയതുകൊണ്ടു മാത്രം ആയില്ല. അവക്കു അവിടെ കയറ്റങ്ങൾ കിട്ടുവാനും അവരുടെ യോഗ്യതകൾ പ്രകാശിപ്പിച്ചു വലിയ ഉദ്യോഗങ്ങൾ നേടുവാനും സിക്രട്ടറിസ്ഥാനം വരേയും എന്നല്ല ദിവാൻജി സ്ഥാനംവരേയും ഉയരുവാനും ഉള്ള സൌകര്യം മറ്റുള്ളവരെപ്പോലെ കൊടുക്കണം. അല്ലാതെ അവക്കു സിക്രട്ടറിയേറ്റിൽ കടക്കുവാൻ അവസരം കൊടുത്തതുകൊണ്ടു മാത്രമായില്ല. ദിവാൻജി എന്ന വാക്കു പറഞ്ഞപ്പോൾ ചിലരുടെ മുഖം വല്ലാതെയാകുന്നു! കേവലം ഒരു ബ്രാക്കാരനും ദിവാൻജിയായിട്ടുണ്ടു്. ഈ ബ്രാക്കാരൻപോലും വകുപ്പധ്യക്ഷന്മാരായിട്ടുണ്ടു്. ആ സൌകര്യങ്ങൾ തടഞ്ഞു കളയാതിരിക്കുവാനുള്ള ഒരു ഓർമ്മ ഗവർമ്മെണ്ടിനു വേണമെന്നു പറയുവാൻ വേണ്ടി മാത്രമാണു് ഞാൻ ഇതു കൊണ്ടുവന്നിട്ടുള്ളതു്. സിക്രട്ടറി അവർകൾ രണ്ടു ദിവസംമുമ്പു് ഒരു മെമ്പർ ഇവിടെ ചെയ്ത ആക്ഷേപത്തിനു് മറുപടി പറഞ്ഞപ്പോൾ എന്റെ അഭ്യർത്ഥന ഗവർമ്മെണ്ടു സ്വീകരിക്കുമെന്നു് എനിക്കു നല്ലപോലെ വിശ്വസിക്കത്തക്ക ഒരു പദം അദ്ദേഹത്തിൽനിന്നു കിട്ടി. ആ പദത്തിൽ തൂങ്ങിക്കൊണ്ടാണു് ഞാൻ ഇതിനെ പ്രസ്സു ചെയ്യാതിരിക്കുവാൻ വിചാരിക്കുന്നതു്. അദ്ദേഹം ഏതു കുഡുംബത്തിൽ പെട്ടതാണോ ആ കുഡുംബത്തെ സംബന്ധിച്ചു് ഉള്ള ചുമതലാബോധം അദ്ദേഹത്തിനു് എപ്പോഴും ഉണ്ടായിരിക്കുമെന്നു പറയുകയുണ്ടായി. ആ വിചാരം സിക്രട്ടറി അവർകൾക്കും അതുപോലെ മറ്റു ഉദ്യോഗസ്ഥന്മാർക്കും അവരവരുടെ നിലയെപ്പറ്റി ഉള്ള ഒരു ഓർമ്മ ഉണ്ടെങ്കിൽ, ഈ രാജ്യത്തെ സർവ്വ ജനങ്ങളോടും തുല്യമായ അനുകമ്പയോടും സമഭാവനയോടുംകൂടി പെരുമാറേണ്ടതു് അവരുടെ ധർമ്മമാണെന്നു് അവർ മനസ്സിലാക്കും. സിക്രട്ടറി അവർകൾ ഈ നിയമസഭയ്ക്കു തന്നിട്ടുള്ള ഉറപ്പു വച്ചുകൊണ്ടു് എന്റെ ഈ അഭ്യർത്ഥന ഗവർമ്മെണ്ടു സ്വീകരിക്കുമെന്നുള്ള വിശ്വാസത്തോടുകൂടിയാണു് ഞാൻ ഈ മോഷൻ അവതരിപ്പിച്ചതു്. ഗവർമ്മെണ്ടിൽനിന്നു് ഇന്ന മറുപടിയെ ഇതിനു് പറയുകയുള്ളുവെന്നു എനിക്കറിയാം. ആ മറുപടികൊണ്ടു് എന്നെ മനഃപൂർവ്വം തോല്പിക്കുവാനാണു് വിചാരിക്കുന്നതെങ്കിൽ ആ മറുപടി തരുന്നതിനുമുമ്പേ ഞാൻ തോറ്റു എന്നു പറഞ്ഞുകൊള്ളുന്നു. അങ്ങിനെയാണെങ്കിൽ ഞാൻ ആ മറുപടിയെ പ്രതീക്ഷിക്കുന്നില്ല; അതിനു് എനിയ്ക്കു പകരം മറുപടി പറയുവാനുമില്ല; പക്ഷെ പരമാർത്ഥം ഇങ്ങിനെയാണു്. ഇപ്പോൾ അവിടെയിരിക്കുന്ന പ്രാതിനിധ്യം കുറഞ്ഞ സമുദായങ്ങൾക്കു മുന്നോട്ടു കടന്നുപോകുവാനുള്ള സൌകര്യത്തെ തടയത്തക്ക നിലയിൽ യാതൊരു ചതുരംഗക്കളിയും സർവ്വീസിൽ ഒരു സ്ഥലത്തും നടത്തരുതെന്നു മാത്രമേ ഞാൻ പറയുന്നുള്ളൂ. ഇതു് ദിവാ

LIBRARY ARCHIVES Kerala Legislative Assembly

ൻജി അവർകൾ അറിഞ്ഞില്ലെന്നും സെക്രട്ടറി അവർകൾ തന്നെ അറിഞ്ഞില്ലെന്നും വരാം. ഇതെല്ലാം ഓരോ സെക്ഷൻ സൂപ്രണ്ടുമാർ പറഞ്ഞുണ്ടാക്കുന്ന സംഗതികളാണ്. പുറത്തിരിക്കുന്ന ഞങ്ങൾക്കു വല്ലതും അറിയാമോ? ദിവാൻജി അവർകളും സെക്രട്ടറി അവർകളും ഈ കാര്യത്തിലുള്ള ഞങ്ങളുടെ അപേക്ഷ നടപ്പിൽ വരുത്തുന്നതിനു വേണ്ട ശ്രമം എപ്പോഴും കാണിക്കണമെന്നു മാത്രമെ എനിക്കു് ഗവൺമെണ്ടിനെ ധരിപ്പിക്കുവാനുള്ളൂ.

Rama Varmha Tampuran.—There were only two transfers and both of them this year. The first happened when one of the Superintendents of the Huzur was sent out as the Manager of the Director's Office. He had to be sent out because he was the seniormost man on Rs. 100—150 who had the particular Education Test qualification and when he went the Head clerk of that Office was taken over here and that was one Mr. Manr. That was the first instance of the kind. The second instance was when one from here was transferred to the Revenue Department and one clerk was taken from there to the Huzur. About the second transfer there was a discussion on the first day of the General Discussion. These had been the only two tranfers and in both these cases, one went out and another camein. The Huzur Office staff is itself protesting against these transfers, but this had to be done because nothing else could be done. I may assure the Hon'ble Member that it has not been done with any other motive.

Dr. A. R. Menon.—Was the man transferred to the Director's office benefitted?

Rama Varmha Tampuran.—No. He was transferred because there was no one else available with the necessary test. I don't think there will be many occasions for such transfers. Generally they do not arise at all.

Mr. K. Ayyappan.—I do not press it.

The motion was, with leave, withdrawn.

Motion No. 2.

As Mr. Joseph Pettah was absent the following motion was considered withdrawn.

Mr. Joseph Pettah.—*To reduce the allotment of Rs. 47,720 for establishment by Re. 1.—(To point out the desirability of ordering general rearrangements in the posting of officers in the various Government Departments, as far as possible only during summer vacations, when schools are closed.)*

Motion No 3.

Mr. K. Ayyappan.—*To reduce the allotment of Rs. 47,720*

LIBRARY ARCHIVES Kerala Legislative Assembly

for Establishment by Re· 1 (To request the Government to consider the claims of the less represented communities when they make the appointments to the new posts proposed to be created in the Huzur Establishment.)

സർ, പുതുതായി ചിലരെ നിയമിയ്ക്കുവാൻ പോകുന്നുണ്ട്. കഴിഞ്ഞ ദിവസം സെക്രട്ടറി അവർകൾ വായിച്ച ആ ലിസ്റ്റ് മുഴുവൻ ഈ സഭയെ ധരിപ്പിച്ചിട്ടുള്ളതുപോലെ തന്നെ ശുദ്ധമേ ശരിയാണെന്നു പറയുവാൻ ഞാൻ തയ്യാറില്ല.

Rama Varmha Tampuran:—It is absolutely true.

മിസ്റ്റർ കെ. അയ്യപ്പൻ:—അതിലെനിയ്ക്കു പരിഭവമില്ല. രണ്ടു ബാർബ്ലേഴ്സിനെ നിയമിച്ചു എന്നു് ഒരു ലിസ്റ്റ് തന്നിട്ടുണ്ട്. ഈ രണ്ടുപേരും നായന്മാരെന്നേ അർത്ഥമുള്ളൂ. ഇപ്പോൾ തന്നെ വളരെ ബാർബ്ലേഴ്സും വളരെ യോഗ്യന്മാരായിട്ടുണ്ടു്; വലിയ കേമന്മാരായിട്ടുണ്ടു്. എന്തായാലും ഈ ലിസ്റ്റ് ഞാൻ ഇവിടെ എടുത്തു കാണിച്ചതു് ഇതിൽ ഗവമ്മെണ്ടിന്റെ ദൃഷ്ടിയിൽ നായന്മാരാരുമില്ലെന്നു ധരിച്ചിട്ടുണ്ടെങ്കിൽ ശരിയല്ലെന്നു കാണിയ്ക്കുവാൻ വേണ്ടിയാണു്. അതുപോലെതന്നെ ചാകാർ എന്നു പറയുന്നതും. ഈ വക സമുദായങ്ങൾ ആകപ്പാടെ പ്രാതിനിദ്ധ്യം കായ്ത്തലെല്ലാം എന്താണ്ടു് ഒരു വസ്തുമാണെന്നു കരുതാം.

ഇപ്പോൾ പുതുതായിട്ടു കുറെ ആളുകളെ നിയമിയ്ക്കുവാൻ പോകുന്നുണ്ടല്ലൊ. ആ നിയമനങ്ങൾ പ്രാതിനിദ്ധ്യം കുറഞ്ഞ സമുദായങ്ങൾക്കു കൊടുക്കുവാൻ ഈ അവസരത്തിൽ വിചാരിയ്ക്കുന്നതു ശരിയായിരിക്കയില്ല. ഒരു വാലൻ അപേക്ഷകനായിട്ടുണ്ടെന്നു ഞാൻ അറിയുന്നു. ആ സ്ഥിതിയ്ക്കു് ഈഴവരേക്കാൾ മുമ്പു് ആ വാലന്റെ കേസാണു് എടുക്കേണ്ടതു്. ഇങ്ങിനെ പ്രാതിനിദ്ധ്യം കുറഞ്ഞ സമുദായങ്ങൾക്കുവേണ്ടി കുറെ ഉദ്യോഗങ്ങൾ ഗവമ്മെണ്ടു നീക്കിവയ്ക്കണം. ഇപ്പോൾ മൈസൂരിൽ 75 percent പ്രാതിനിദ്ധ്യം കുറഞ്ഞവരായ ബാക്ക് വേഡ് ക്ലാസസ്സിനുവേണ്ടി നീക്കിവച്ചിരിയ്ക്കുന്നു. ഇവിടെ അതുപോലെ 75 percent നീക്കിവച്ചില്ലെങ്കിലും സാല്പം വല്ലതും നീക്കിവയ്ക്കണമെന്നേ പറയുന്നുള്ളൂ.

മിസ്റ്റർ പി. എസ്സ്. കേശവൻ നമ്പൂതിരി:— സർ, തെക്കെ ഈഴവ മെമ്പർ ഇവിടെ പ്രസംഗിച്ച കേട്ടതിൽ അദ്ദേഹത്തിനു് ചില തെറ്റിദ്ധാരണകൾ ഉണ്ടായിട്ടുണ്ടെന്നു തോന്നുന്നു. ബാർബ്ലേഴ്സു് നായന്മാരിൽ പെട്ടതാണെന്നു് അദ്ദേഹം നല്ലവണ്ണം മനസ്സിലാക്കാതെ പറഞ്ഞതായിരിയ്ക്കാം. ഈഴവരും വാലന്മാരും തമ്മിൽ എത്ര വ്യത്യാസമുണ്ടോ അത്ര വ്യത്യാസം ഈ വിളക്കിത്തല നായന്മാരും നായന്മാരും തമ്മിലുണ്ടു്. പിന്നെ ചാകാർ എന്നൊരു കൂട്ടരെപ്പറ്റി പറഞ്ഞു. മുമ്പു് അറക്കു കുത്തുപറയുകയായിരുന്നു തൊഴിൽ, ആ തൊഴിലും ഇപ്പോൾ ഇല്ലാതെയായിട്ട്

LIBRARY ARCHIVES Kerala Legislative Assembly

ണ്ട്. അവരും പ്രാതിനിദ്ധ്യം കുറഞ്ഞ സമുദായക്കാരാണ്, അവരിൽനിന്നും ഈ സ്റ്റേറിലാകപ്പാടെ നോക്കിയാൽ ഒന്നോ രണ്ടോ ഗ്രാഡുവേറ്റുസേ ഉണ്ടായിരിക്കുകയുള്ളൂ. അതുകൊണ്ട് ആ സമുദായക്കാരേയും കൂടി പ്രാതിനിദ്ധ്യം കുറഞ്ഞ സമുദായങ്ങളുടെ കൂട്ടത്തിൽ പെടുത്താമെന്നാണ് ഞാൻ പറയുന്നത്. ഇത്രയും പറഞ്ഞതിൽ നിന്നും അദ്ദേഹത്തിന്റെ തെറ്റിദ്ധാരണ നീങ്ങിയിരിക്കുമെന്നുവിശ്വസിക്കുന്നു.

Rama Varmha Tampuran.—Sir, I have already explained the point. With regard to the particular appointments the claims of unrepresented communities will be looked into.

Mr. K. Ayyappan.—I don't press it.

The motion was, with leave, withdrawn.

Motion No. 4.

The member being absent the following motion was considered withdrawn.

Mr. George Chakyamuri. — *To reduce the allotment of Rs. 47,720 for Establishment by Re. 1.*

To discuss about the hardship caused to Government officials by the system of transfers in the middle of the year.

Motion No. 5.

Mr. P. C. Varkey.—*To reduce the allotment of Rs. 47,720 for Establishment by Re. 1.*

To urge upon the Government the justice of giving representation on the Secretariat staff to the inadequately represented communities.

സർ, ഫ്രഷർ സിക്രട്ടറിയേറ്റിൽ പുതിയനായമനങ്ങൾ നടത്തുമ്പോൾ സർവ്വീസിൽ പ്രാതിനിധ്യംകുറഞ്ഞ സമുദായക്കാരായ അപേക്ഷകന്മാരുടെ അവകാശങ്ങളെ പരിഗണിക്കണമെന്നു ബഹുമാനപ്പെട്ട തെക്കെ ഇഴവമണ്ഡല പ്രതിനിധി ഒരു ഉപക്ഷേപം അവതരിപ്പിക്കുകയും ആ സംഗതിയെപ്പറ്റി പ്രസംഗിക്കുകയുമുണ്ടായി. അതിനാൽ ഞാൻ അധികമൊന്നും പറയേണ്ട ആവശ്യമില്ല. എന്നാൽ ഒരു കാര്യം ഞാൻ ആദ്യം തന്നെ പറയാം. ദിവാനോ ദിവാൻ, സിക്രട്ടറിയോ അവശസമുദായങ്ങളുടെയെല്ലാം അവകാശങ്ങളെ അവഗണിക്കുന്നു എന്നു് അവരുടെ പേരിൽ കുറ്റാരോപണം ചെയ്യാൻ വേണ്ടിയല്ലാ, ഞാൻ ഈ ഉപക്ഷേപം അവതരിപ്പിക്കുന്നതു്. മി. സി. ജി. ഹെർബ്ബട്ട് ദിവാനായതിൽപിന്നെ അവശസമുദായങ്ങളുടെ അവകാശങ്ങളെ പൂർവ്വാധികം പരിഗണിച്ചു നായമനങ്ങൾ നടത്തുന്നുണ്ടെന്നു എല്ലാവർക്കും അറിയാം. ആ സമുദായക്കാർ അതിനായി അദ്ദേഹത്തോടു് പ്രത്യേകം കൃതജ്ഞന്മാരാണെന്നുള്ള വിവരം ഈ അവസരത്തിൽ ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു. ബഹുമാനപ്പെട്ട ദിവാൻ

LIBRARY ARCHIVES Kerala Legislative Assembly

സിക്രട്ടറി രണ്ടു ദിവസംമുമ്പ്, അദ്ദേഹം അടുത്ത കാലത്തു ചെയ്ത നിയമനങ്ങളുടെ ജാതിതിരിച്ചുള്ള ഒരു പട്ടിക സഭയിൽ വായിക്കുകയുണ്ടായല്ലൊ. അദ്ദേഹം സെൻസസ് റിപ്പോർട്ടിലെ ജാതിവ്യവരപ്പട്ടിക വായിക്കുകയാണോ എന്നു് അതു കേട്ടപ്പോൾ തോന്നിപ്പോയി. ഒട്ടുമിക്ക സമുദായവിഭാഗങ്ങളേയും തൃപ്തിപ്പെടുത്തുവാൻ അദ്ദേഹം ശ്രമിച്ചിട്ടുണ്ടെന്നു കാണുന്നതിൽ സന്തോഷിക്കുകയും അതിനായി അദ്ദേഹത്തെ അഭിനന്ദിക്കുകയും ചെയ്യുകൊള്ളുന്നു. എന്നാൽ അദ്ദേഹത്തിന്റെ ലിസ്റ്റിൽ പെടാത്ത ചിലർ കൂടി പുറത്തു നിൽപ്പുണ്ടു്. അടുത്തുണ്ടാകുന്ന നിയമനങ്ങളിൽ അവരുടെ അവകാശങ്ങളെക്കൂടി പരിഗണിക്കണമെന്നാണു് ഞാൻ അഭ്യർത്ഥിക്കുന്നതു്. ബഹുമാനപ്പെട്ട ദിവാൻ സിക്രട്ടറി ഈ സഭയിൽ വായിച്ച നിയമനപ്പട്ടികയിൽ ലത്തീൻ ക്രിസ്ത്യാനിയുടെ പേർ ഉണ്ടെന്നു തോന്നുന്നില്ല. ആ സമുദായക്കാർ ജനസംഖ്യയിൽ വന്നിച്ചവരാണെങ്കിലും സർവ്വീസിൽ നന്നാചുരുക്കമേയുള്ളു. ഇതുപോലെ ലിസ്റ്റിൽ പെടാത്ത വേറെ സമുദായക്കാരുമുണ്ടെന്നാണു് തോന്നുന്നതു്. സർവ്വീസിൽ സമുദായ പ്രാതിനിധ്യം വേണമെന്നു വാദിക്കാൻ സമുദായങ്ങളുടെ രാഷ്ട്രീയ പ്രാബല്യം, സാമ്പത്തികഗ്രഹണം എന്നിങ്ങനെ പല കാരണങ്ങളുമുണ്ടല്ലൊ. അതിൽ സർവ്വീസു വഴിയായി ഓരോ സമുദായത്തിനുമുണ്ടാകാവുന്ന ധനലാഭം ഈ ക്ഷാമകാലത്തു്— തൊഴിലില്ലായ്മയാൽ പഠിച്ചപെരുപ്പക്കാർ നട്ടംതിരിയുന്നഈകാലത്തു്—ഒട്ടും അപ്രധാനമായ ഒന്നല്ല. ഇതിനെപ്പറ്റി എന്റെ ബഡ്ജറ്റ് വിമർശന പ്രസംഗത്തിൽ ഞാൻ സൂചിപ്പിച്ചിട്ടുണ്ടായിരുന്നു. പ്രതിവത്സരം രമ്പളം, പെൻഷ്യൻ, അലവൻസ് എന്നീവകക്കായി നമ്മുടെ ഗവമ്മെണ്ടു് ർറ ലക്ഷത്തോളം ഉറുപ്പിക വ്യയംചെയ്യുന്നുല്ലേ? എല്ലാപ്രജകളിൽനിന്നും കൂടി ഗവമ്മെണ്ടു പിരിച്ചെടുക്കുന്ന സംഖ്യയുടെ സിംഹഭാഗം ഒന്നരണ്ടു സമുദായങ്ങൾ മാത്രം അനുഭവിക്കുകയും മറവുള്ളവർ അതുകണ്ടു് അടങ്ങിയിരിക്കുകയും ചെയ്യണമെന്നു നീതിബോധമുള്ളവർ ആരെങ്കിലും പറയുമോ? സാമ്പത്തികകഴുപ്പത്താലും തൊഴിലില്ലായ്മകൊണ്ടും എല്ലാതരക്കാരും പ്രത്യേകംപറിച്ചുപായുന്ന ചെറുപ്പക്കാരും വിഷമിക്കുന്ന ഈകാലദശയിൽ സർവ്വീസിൽ വേണ്ടത്ര പ്രാതിനിധ്യമില്ലാത്ത വർഗ്ഗക്കാർ ഞങ്ങളുടെ ഓഹരി ഞങ്ങൾക്കുംതരണമെന്നു് അഭ്യർത്ഥിക്കുന്നതിൽ യാതൊരു അനൌചിത്യവുമില്ല. ഒരു നല്ലപിതാവിന്റെ സ്ഥാനംവഹിക്കുന്ന ഗവമ്മെണ്ടു് എല്ലാപ്രജാവിഭാഗങ്ങളേയും സ്വന്തം മക്കളുടെ നിലയിൽ സമചിത്തതയോടെ വീക്ഷിച്ചു് അവരവർ ന്യായമായി അർഹിക്കുന്ന സ്ഥാനവും ഓഹരിയും ഓരോരുത്തർക്കു കൊടുക്കണമെന്നാണു് എന്റെ അപേക്ഷ. ഈ സന്ദർഭത്തിൽ എനിക്കുള്ള ഒരു സംശയം, ബഹുമാനപ്പെട്ട ദിവാൻ സിക്രട്ടറി തീർത്തുതന്നാൽ

LIBRARY ARCHIVES Kerala Legislative Assembly

കൊള്ളാം. ഹജൂർ സിക്രട്ടറിയേറ്റിലെ ഉദ്യോഗസ്ഥന്മാരുടെ കൂട്ടത്തിൽ ലത്തീൻ ക്രിസ്ത്യാനിയായി ആരെങ്കിലും ഉണ്ടോ?

രാമവർമ്മതമ്പുരാൻ— ഇല്ല.

മിസ്റ്റർ പി. സി. വക്കീൽ — ഇതുപോലെതന്നെയാണ് വാല സമുദായത്തിനേറെയും സ്ഥിതി. ഹജൂർ സിക്രട്ടറിയേറ്റിൽ വാല സമുദായത്തിൽ പെട്ടവരും ഇല്ലെന്നാണ് തോന്നുന്നത്. ഇപ്രകാരം പ്രാതിനിധ്യം കുറഞ്ഞ സമുദായങ്ങളുടെ അംഗങ്ങൾക്ക്, ഇനി ഒഴിവുവരുമ്പോൾ സ്ഥാനങ്ങൾ നൽകണം. അവരിൽ പഠിച്ചവർ അധികമില്ല; ഉള്ളവർക്കു ക്രമേണ ജോലി കൊടുത്താൽ ആ സമുദായക്കാർ സന്തുഷ്ടന്മാരും ഗവൺമെണ്ടിനോടു കൃതജ്ഞന്മാരുമായിക്കൊള്ളും. ഈ സംഗതി ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ കൊണ്ടുവരുവാനാണ്, ആരേയും അപവദിക്കാനല്ലാ ഞാൻ ഈ ഉപക്ഷേപം കൊണ്ടുവന്നിട്ടുള്ളതു്. അതിനാൽ മുൻപറഞ്ഞ തരക്കാരുടെ കാര്യത്തിൽ ഗവൺമെണ്ടിന്റെ പ്രത്യേക ശ്രദ്ധയുണ്ടാകണമെന്നു് അപേക്ഷിച്ചുകൊള്ളുന്നു.

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ—സർ, ഞാൻ വാരിയർ സമുദായത്തിൽനിന്നു് ആരെങ്കിലും സിക്രട്ടറിയേറ്റിൽ ഉണ്ടോ എന്നു ചോദിയ്ക്കുവാനായിട്ടു് എണീറ്റു നില്ക്കുന്നതാണെന്നു് നിങ്ങളാരും സംശയിച്ചുപോകേണ്ട. സിക്രട്ടറി അവർകൾ ലിസ്റ്റ് വായിക്കുമ്പോൾ ആ സമയത്തു് നിർഭാഗ്യവശാൽ ഇവിടെ ഇല്ലാതിരുന്നതുകൊണ്ടു് എനിയ്ക്കു കേൾക്കുവാൻ സാധിച്ചില്ല. ആ ലിസ്റ്റിൽ വാരിയർ ആരെങ്കിലും പെട്ടിട്ടുണ്ടോ എന്നു് എനിയ്ക്കറിഞ്ഞുകൂടാ. അവയ്ക്കുവേണ്ടീട്ടുമാത്രം ഞാൻ ഒന്നും പറയുവാൻ വിചാരിയ്ക്കുന്നില്ല ഒരു വാക്കുമാത്രം എനിയ്ക്കു പറയുവാനുണ്ടു്. ഏതെല്ലാം സമുദായങ്ങളിൽനിന്നു് പ്രാതിനിധ്യക്കുറവനുസരിച്ചു് ആളുകളെ ഹജൂരാഫീസിലെ ജന്നാലകളുടെ മുക്കിലും മൂലയിലുംകൊണ്ടുവയ്ക്കുന്നതായാലും — അക്കാര്യത്തിൽ മറ്റു ഡിപ്പാർട്ടുമെൻറുകളിൽ എന്തെങ്കിലും ചെയ്തുകൊള്ളുക—അവരുടെ എഫിഷ്യൻസികൂടി കുറയ്ക്കുന്നോ നോക്കണം. നിവൃത്തിയുണ്ടെങ്കിൽ എഫിഷ്യൻസി നോക്കി മുഴുവൻ ഉദ്യോഗങ്ങളും പ്രാതിനിധ്യം കുറഞ്ഞ സമുദായക്കാർക്കുകൊടുക്കുക. ഒരു വാരിയർ അപേക്ഷിച്ചു എന്നുവയ്ക്കുക. അയാൾ നല്ല എഫിഷ്യൻറാണെങ്കിൽ അയാളെ നിയമിക്കുക. ഇങ്ങിനെ നല്ല പ്രാപ്തിയുള്ളവരാണോ എന്നു നോക്കുവേണം ഹജൂരാപ്പീസിൽ നിയമനങ്ങൾ നടത്തുവാൻ. അല്ലാത്തപക്ഷം അതുകൊണ്ടുള്ള ദോഷം കൊച്ചീരാജ്യത്തുള്ള സകല ടിക്കലും വ്യാപിയ്ക്കും. ഹജൂരാപ്പീസെന്നു പറഞ്ഞാൽ അകപ്പാടെ സമുദായങ്ങളുടെ ഒരു മ്യൂസിയം (Museum) ആക്കുവാൻ മാത്രമായി ശ്രമിക്കരുതു്. അതുകൊണ്ടു് (Work) വർക്കുചെയ്യുവാൻ പ്രാപ്തിയുള്ളവരെമാത്രം അവിടെ നിയമിക്കുന്നകാര്യത്തിൽ വളരെ നിഷ്ക

LIBRARY ARCHIVES Kerala Legislative Assembly

ർഷവയ്ക്കണം. എല്ലാ സമുദായക്കാരും ഒരു ദിവസം പതിനഞ്ചും ഇരുപതും പ്രാവശ്യം എന്റെ സമുദായത്തിനു പണികിട്ടണം; എന്റെ സമുദായത്തിനു പണികിട്ടണമെന്നു പറയുമ്പോൾ അവരുടെ ആകപ്പാടെയുള്ള പ്രാപ്തിയെക്കുടി നോക്കാതെ അയാൾക്കു കൊടുത്തില്ലെങ്കിൽ മി. അയ്യപ്പൻ എന്തു പറയുമോ; ഇക്കണ്ടവാരിയർ എന്തു പറയുമോ എന്നുള്ള വിചാരം വച്ചുകൊണ്ടു നിയമിക്കുവാൻ പാടില്ല. പ്രാപ്തിയുണ്ടെങ്കിൽ മാത്രം വച്ചുകൊള്ളുക. മറ്റു ഡിപ്പാർട്ടുമെണ്ടിൽ ഈ കാര്യത്തിൽ ഇത്ര നിഷ്കർഷയില്ലെങ്കിലും വിരോധമില്ല. ഒന്നോ രണ്ടോ പ്രാപ്തിയില്ലാത്തവരെ പിടിച്ചുവച്ചാൽ അതത്ര ശോഭിച്ചുവെന്നുവരികയില്ല. അഥവാ വല്ലതും ഒന്നോ രണ്ടോ പ്രാപ്തിയില്ലാത്തവരെ നിയമിച്ചുവെന്നുണ്ടെങ്കിൽതന്നെ അതും കൂട്ടത്തിൽ കടന്നുപോകും. "Carried on the Administration" എന്ന മാതിരിയായാലും അവിടെ കഴിച്ചുകൂട്ടാം. എന്നാൽ സിക്കുട്ടറിയേറ്റിൽ അങ്ങിനെയല്ല. അവിടെ നിയമിയ്ക്കുന്ന ആളുകളുടെ മനോധർമ്മവും, ഒറിജിനാലിറ്റിയും, മിടുക്കും പോലെയിരിയ്ക്കും കൊച്ചീ രാജ്യഭരണം. സിക്കുട്ടറി അവർകൾതന്നെ കൊച്ചീ രാജ്യത്തു് ഈ അടുത്ത കാലത്തു് ഉള്ള പല പ്രവൃത്തികളെപ്പറ്റിയും പറയുകയുണ്ടായി. ആമാതിരിയുള്ള ഗുണങ്ങൾ മേലാലും ഉണ്ടാകണമെങ്കിൽ പ്രാപ്തിയും നല്ല യോഗ്യതയുമുള്ളവരെ അവിടെ ഉദ്യോഗത്തിൽവയ്ക്കണം. അതുകൊണ്ടു് അൺറപ്രെസെൻറഡ് (un reprsented) കമ്മ്യണിറ്റീസിലുള്ള ആളുകളെതന്നെ അവരുടെ പ്രാപ്തിയും സാമർത്ഥ്യവും നോക്കി നിയമിയ്ക്കുന്നതാണെങ്കിൽ എന്നെക്കാട്ടിലും അധികം സന്തോഷമുള്ളവർ ആരും ഉണ്ടാവുകയില്ല.

മിസ്റ്റർ കെ. എം. ഇബ്രാഹിം — സർ, സമുദായപ്രാതിനിദ്ധ്യവാദംകൊണ്ടുവരുന്നവരാരും പ്രാപ്തിയേയും സാമർത്ഥ്യത്തേയും അവഗണിച്ചു നിയമനം ചെയ്യണമെന്നു പറഞ്ഞതായി ഞാൻ ഇതുവരെ കേട്ടില്ല. മറ്റു പല പരിഷ്കൃതരാജ്യങ്ങളിലും ഇതിനുവേണ്ടി വാദിയ്ക്കുന്നവർ പ്രാപ്തിയേയും സാമർത്ഥ്യത്തേയും അവഗണിച്ചുള്ള ഒരു സമുദായപ്രാതിനിദ്ധ്യനയം സ്വീകരിയ്ക്കണമെന്നഭിപ്രായപ്പെട്ടിട്ടുള്ളതായി ഞങ്ങളാരും കേട്ടിട്ടില്ല. ഈ സമുദായപ്രാതിനിദ്ധ്യവാദംകൊണ്ടു സർവ്വീസിനെ ഒരു കാഴ്ചബംഗ്ലാവാക്കരുതേ എന്നു നമ്മുടെ ചില ഉൽപതിഷ്ണുക്കളും അല്പംമുമ്പു വിലപിക്കയുണ്ടായല്ലോ; എന്നാൽ സമുദായപ്രാതിനിദ്ധ്യവാദത്തെ ഭ്രമുഖത്തിൽനിന്നും തീരെ നിഷ്കാസനംചെയ്യാൻപോരുന്ന ചില കൈകൾ—തെക്കെ ഈഴവമണ്ഡലം പ്രതിനിധിയെപ്പോലുള്ള യഥാർത്ഥ മനുഷ്യസ്നേഹികളും ഇവിടെ നിരന്തരം ഉൽഘോഷിക്കുന്ന കൈകൾ—സ്വീകരിപ്പാൻ ഈ ഉൽപതിഷ്ണുക്കൾ തയ്യാറാണോ എന്നാണു ഞാൻ ചോദിക്കുന്നതു് പബ്ലിക് സർവ്വീസിൽ ശരിയായ പങ്കില്ലാത്തവർക്കു പഴയ കുറവുകളെ പരിഹരിപ്പാൻപോലും ഈ

LIBRARY ARCHIVES Kerala Legislative Assembly

ടുതലായി പ്രാതിനിദ്ധ്യം കൊടുക്കണം; അല്ലെങ്കിൽ ഞങ്ങൾ സമ്മതിയ്ക്കയില്ല. (ചിരി) ഇതിനു് നിശ്ചിതമായ ഒരു നിയമം വേണം. ബ്രിട്ടീഷ് ഇൻഡ്യയിലും തിരുവിതാംകൂറിലും മറ്റുള്ള അയൽരാജ്യങ്ങളിലും സാമുദായിക പ്രാതിനിദ്ധ്യവാദത്തെ സംബന്ധിച്ചിടത്തോളം ഫിക്സഡ് റൂൾസും (നിശ്ചിത നിയമങ്ങൾ) പ്രവർത്തനവും വേണമെന്നു വളരെ നിർബ്ബന്ധമായി നടപടികളും നടത്തീട്ടുണ്ടു്. മദിരാശിയിൽത്തന്നെ റൊട്ടേഷൻസ് സിസ്റ്റം നടപ്പാക്കീട്ടുണ്ടു്. നിങ്ങൾ ഭയവുള്ളവരാണെന്നു് എനിക്കറിയാം; സാധാരണന്മാർക്കുള്ള മനുഷ്യസാധാരണങ്ങളായ ചില കുറവുകളേ നിങ്ങൾക്കുമുള്ളുവെന്നും എനിക്കറിയാം. കഴിയുന്നിടത്തോളം വിശാലമായ മനഃസ്ഥിതിയോടുകൂടി പ്രവൃത്തിയ്ക്കുന്നവർക്കും പുറകോടു സ്നേഹംകൊണ്ടു ചില മാർഗ്ഭ്രംശങ്ങൾ വന്നേക്കാമല്ലോ. അതിനാൽ ഇത്തരം സംഗതികളിൽ നിങ്ങളുടെ ഭയവും സന്മനസ്സും മാത്രം ഞങ്ങൾ കണക്കാക്കിയാൽ പോരാ; ചില നിശ്ചിതങ്ങളായ നിയമങ്ങൾ നിങ്ങളെ നിയന്ത്രിച്ചുകൊണ്ടിരിക്കണമെന്നാണു് ഞങ്ങളുടെ ആവശ്യം. ഈ ഒരു സംഗതി ഗവർമ്മെണ്ടിന്റെ യോദ്ധ്യയിൽപെടുത്തുവാൻ വേണ്ടിയാണു് ഞാൻ ഇത്രയും പറയുന്നതു്.

മിസ്റ്റർ കെ. അയ്യപ്പൻ. — സർ, പ്രാപ്തിനോക്കരുതെന്നു് സമുദായപ്രാതിനിദ്ധ്യവാദം ചെയ്യുമ്പോൾ ഞങ്ങളാരും പറയാറില്ല. സർവ്വീസിൽ സമുദായപ്രാതിനിദ്ധ്യം വേണമെന്നു പറയുന്ന ഞങ്ങൾ സർവ്വീസിന്റെ പ്രാപ്തികൂട്ടുവാൻ വേണ്ടിയുള്ള ഒരു മാർഗ്ഗവും കൂടി ഉണ്ടാക്കുകയാണു ചെയ്യുന്നതു്. ഭിന്നസമുദായങ്ങളുള്ള ഒരു രാജ്യത്തു സർവ്വീസിൽ എല്ലാ സമുദായങ്ങൾക്കും കഴിയുന്നതും പ്രാതിനിദ്ധ്യം ഉണ്ടായിരിക്കുന്നതു് സർവ്വീസിനെപ്പറ്റി ജനസമ്മതത്തിനു വളരെ സഹായമായിരിക്കുമല്ലോ. സർവ്വീസിൽ സമുദായപ്രാതിനിദ്ധ്യംകൊണ്ടു് സർവ്വീസു മോശമായിപ്പോയി എന്നു് ഒരു ദൃഷ്ടാന്തം പറയുവാൻ ആർക്കും സാധിക്കുകയില്ല. നേരെമറിച്ചു് മറ്റു ഗവർമ്മെണ്ടുകൾക്കു വേണ്ടാത്ത ആളുകളേയുംകൂടി പ്രാതിനിദ്ധ്യം അധികമുള്ള സമുദായങ്ങളിൽനിന്നു് ഇവിടെ കൊണ്ടുവന്നു വച്ചിട്ടുണ്ടു്. അതെല്ലാം ഞങ്ങൾ അറിഞ്ഞിട്ടും പുറത്തുപറയാതെ ഇരിക്കുന്നുവേന്നേയുള്ളു. സമുദായപ്രാതിനിദ്ധ്യം സർവീസു മോശമാകുമെന്നു പറയുന്നതു് ഞങ്ങൾക്കു് ആക്ഷേപകരമാണു്. ചില സമുദായക്കാരെ മാത്രം വെച്ചാലേ സർവീസിനു് പ്രാപ്തിയുണ്ടാകയുള്ളു എന്നു പറയുന്നതുപോലെയുള്ള അപമാനം മറ്റു ജാതിക്കാർക്കു വേറെയുണ്ടോ? പ്രാപ്തിയും യോഗ്യതയും മാറും ചിലരുടെ പ്രത്യേക കുത്തകയാണോ? ആ മനുധർമ്മശാസ്ത്രത്തിന്റെ കാലമെല്ലാം പോയി. ചില ജാതിക്കാർക്കു മാത്രം ബുദ്ധി; ചില ജാതിക്കാർക്കു പ്രാപ്തി, എന്നുള്ള മഠയത്തരങ്ങൾ പറഞ്ഞാൽ ഇനി ആരും

LIBRARY ARCHIVES Kerala Legislative Assembly

കേൾക്കുകയില്ല. അതുകൊണ്ട് സമുദായപ്രാതിനിദ്ധ്യത്തിന്റെ കാര്യം പറയുമ്പോൾ, പ്രാപ്തിനോക്കിതന്നെ സമുദായപ്രാതിനിദ്ധ്യം കൊടുക്കണമെന്നു വാദിക്കുമ്പോൾ, അങ്ങനെചെയ്താൽ സർവീസിന്റെ പ്രാപ്തിപോകുമെന്നു പറഞ്ഞു് ഞങ്ങളേയും ഞങ്ങളുടെ സമുദായങ്ങളേയും അപമാനിക്കരുതു്; ഞങ്ങളുടെ ബുദ്ധിശക്തിയെ അപമാനിക്കരുതു്; സ്വഭാവനിഷ്ഠയെ അപമാനിക്കരുതു് എന്നു് ഞാൻ കത്തകവാദികളോടു പറഞ്ഞുകൊള്ളുന്നു.

ഞാൻ ഒരു കണക്കുപറയാം. എനിക്കു മറുപടിയായി തന്നിട്ടുള്ള ലിസ്റ്റിൽ കാണുന്ന കണക്കാണു്. കൃഷി ഡിപ്പാർട്ട്മെൻറിൽ വന്ന നായന്മാർ ൨, ന, ർ, ി, ന്യ, ഇങ്ങിനെ മറ്റു സമുദായക്കാർ. ഇതിൽ താഴ്ന്ന സർവീസിൽ ന്യൂ എന്നു കൊടുത്തിട്ടു് അതിനടിയിൽ സെക്രട്ടറി ഒരു ഫുട്നോട്ടുകൊടുത്തിട്ടുണ്ടു്. ഇതു അധികമായതു് അക്രമമല്ലേ എന്നു് അദ്ദേഹത്തിനുതന്നെ തോന്നിയിരിക്കണം. ഇതു അധികം നായന്മാരെ നിയമിച്ചതു കാര്യക്ഷമതക്കു വേണ്ടിയാണോ

സമുദായപ്രാതിനിദ്ധ്യത്തിനു് വാദിക്കുന്നവർ സമുദായവാദികളാണെന്നുള്ള ധാരണ ശരിയല്ല. ഇവിടെ സമുദായപ്രാതിനിദ്ധ്യത്തിനു വാദിക്കുന്നവരാണു സമുദായവ്യത്യാസങ്ങൾ പാടില്ലെന്നു പറയുന്നവർ. സമുദായപ്രാതിനിദ്ധ്യ വിരോധികളാകട്ടെ സമുദായവ്യത്യാസങ്ങൾ നിലനിറുത്തണമെന്നുള്ള വാദക്കാരാണു്.

ഉദ്യോഗനിയമനങ്ങൾ നടത്തുന്നവർ ജാതിപക്ഷപാതം കാണിക്കാതായാൽ ഇവിടെ പിന്നെ സമുദായവാദങ്ങൾ ഉണ്ടാകയില്ല. നിയമനാധികാരികൾ സ്വജാതിക്കാരെതന്നെ അധികമായി നിയമിക്കുന്നതുകൊണ്ടാണു് സമുദായവാദം ആവശ്യമായിത്തീരുന്നതു്.

മിസ്റ്റർ എ. ഈച്ചരമേനോൻ:—ഞാൻ ഈ പ്രമേയത്തെ സെക്കൻഡ്ചെയ്തു പിന്താങ്ങുന്നു. നായന്മാക്കു് ഉദ്യോഗത്തിലുള്ള ആവശ്യം വളരെ കുറഞ്ഞിരിക്കുന്നു എന്നു പറയുന്നതിൽ എനിക്കു വളരെ സങ്കടമുണ്ടു്. സെക്രട്ടറി അവർകൾ വായിച്ച ലിസ്റ്റിൽ നായന്മാരുടെ പേരു കാണുന്നില്ല. നായന്മാരുടേയോ കത്തോലിക്കരുടേയോ ലത്തീൻകാരുടേയോ പേരു കാണുന്നില്ല. ഇതിൽ നായന്മാർ എന്തു പിഴച്ചു എന്നറിഞ്ഞാൽ കൊള്ളാം. ആ ഇരിക്കുന്ന ഉദ്യോഗമേലധികാരികളുടെഇടയിൽ ഇരിക്കുന്ന നായന്മാർ ഒരേജാതിക്കാരാണു്. അവക്കു് ഉദ്യോഗം കൊടുത്തിട്ടു് ഞങ്ങളായ കിരിയത്തിൽ നായർ, ശൂദ്രനായർ, ചാന്നാനായർ ഇവക്കു് എന്താ ഗുണം? കത്തോലിക്കരുടേയും ലത്തീൻകാരുടേയും കാര്യം ആലോചിക്കുമ്പോൾ കിരിയത്തിൽ,ശൂദ്രൻ, ചാന്ത എന്നുള്ള മറ്റു ജാതിക്കാരുടേയും കാര്യം മറക്കരുതു്. അതുകൊണ്ടു് നായ

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെകൂടെകൂടി നല്ലവണ്ണം ഒന്നാലോചിക്കണമെന്നു് അപേക്ഷിച്ചുകൊള്ളുന്നു.

മിസ്റ്റർ എം. കൃഷ്ണമേനോൻ:—ഈ സംഗതിയെക്കുറിച്ചു് അല്പം ചിലതുഎനിക്കും പറയുവാനുണ്ടു്. ഹിന്ദുക്കളുടെ ഇടയിൽ കാലത്തു് മാജ്ജാരൻ എന്നു വിളിക്കുന്ന ജന്തുവിനെ ഉച്ചക്കു പൂച്ച എന്നു പറയും. അതു് വൈകുന്നേരം Cat ആവും. അതുപോലെയാണു് എന്റെ മാന്യസ്നേഹിതൻ ലത്തീൻ ക്രിസ്ത്യാനിയെ വേർതിരിച്ചു് സമുദായമാക്കിയതു്. ഇന്നു് ഉദ്യോഗനിയമനത്തിന്റെ ഒരു ലീസ്റ്റു് സിക്രട്ടറി അവർകൾ വായിക്കുകയുണ്ടായി. അതിൽ നായർക്കു് ഉദ്യോഗം കൊടുത്തതായി പറയുന്നതു് ഒരു ക്ഷുരകനെ പണിക്കുവെച്ചതാണു്. ക്ഷുരകൻ ആരാണെന്നും അയാൾ നായരാണോ എന്നും, അദ്ദേഹത്തിനു നല്ലപോലെ അറിയാം. നായർക്കു ഉദ്യോഗം കൊടുക്കാത്തതിനാൽ ഞാൻ വഴക്കുപറകയാണെന്നു തെറ്റിധരിക്കരുതു്. എന്നാൽ എല്ലാ ജാതിക്കാർക്കും കൊടുക്കുന്നകൂട്ടത്തിൽ ദരോഹരി അവർക്കും എന്തു കൊണ്ടുകൊടുപ്പാൻ പാടില്ല എന്നു ഞാൻ ചോദിക്കുന്നു. ഇപ്പോൾ സർക്കാർ ഉദ്യോഗത്തിനു് അപേക്ഷകൾ വന്നാൽ ആദ്യം അതിൽ ചാത്തനോ വള്ളുവനോ ഉണ്ടോ എന്നാണു നോക്കുന്നതു്. അപേക്ഷക്കാരുടെ പരീക്ഷ എന്താണെന്നുള്ള നോട്ടംതന്നെ ഇല്ല. നായർ ഉദ്യോഗത്തിനു അപേക്ഷിച്ചാൽ പടിക്കത്തുകൂടി കയറുകയില്ല. അടുത്തു് ഒരു സംഗതി ഉണ്ടായി. ഒരു ശിപായിപണിക്കു് ഒരു ഗ്രാഡുവെറ്റ് അപേക്ഷിച്ചു. തീച്ചയായിട്ടും കൊടുക്കുകയില്ലെന്നു ഡിപ്പാർട്ടുമെണ്ടു മേലദ്ധ്യക്ഷൻ പറഞ്ഞു. ശിപായി അദ്ദേഹത്തിന്റെ പെട്ടി ചുമക്കണ്ടതായിവരും. അപേക്ഷക്കാരന്റെ പരീക്ഷാപാസ്സും മേലദ്ധ്യക്ഷന്റെ പാസ്സും ഒന്നായിരുന്നു. (ചിരി) ഇവിടെ എന്റെ കൃസ്ത്യാനിക്കു കിട്ടിയില്ല, എന്റെ ഈഴവനു കിട്ടിയില്ല, എന്റെ പുലയനു കിട്ടിയില്ല, എന്നൊക്കെ പ്രസംഗം കേൾക്കുന്നുണ്ടു്. എന്റെ നായക്കോ എന്റെ പട്ടക്കോ കിട്ടിയില്ല എന്നു് ആരും പ്രസംഗിക്കുന്നതു കേട്ടില്ല. നായക്കു കൊടുക്കുന്നതിനുപകരം വാരിയക്കു കൊടുത്തു; ചാക്കാക്കു കൊടുത്തു നമ്പ്യാർക്കു കൊടുത്തു എന്നൊക്കെ പറയുന്നതു വളരെ കഷ്ടമാണു്. നായക്കും ചിലതെല്ലാം കൊടുത്താൽ കൊള്ളാം. എന്റെ മാന്യസ്നേഹിതൻ, ദിവാൻജി അവർകൾ പിതാവാണു്, ദൈവമാണു് എന്നൊക്കെ പ്രസംഗം തുടങ്ങിയ അവസരത്തിൽ ഒടുവിൽ ഉദ്യോഗത്തിനുള്ള അപേക്ഷയാണെന്നു് എനിക്കു സംശയംതോന്നി. ഞാൻ വിചാരിച്ചതുപോലെതന്നെ എന്റെ ലത്തീനു് ഉദ്യോഗം കൊടുക്കണം എന്നു പറഞ്ഞു് അവസാനിപ്പിച്ചു. ലത്തീനും സുറിയാനിക്കും ജാക്കബൈറ്റിനും വീതംവെച്ചു് ഉദ്യോഗങ്ങൾ കൊടുക്കുന്നതായാൽ ഇതരസമുദായങ്ങളുടെ കാര്യം വളരെ കഷ്ടത്തിലാവും എന്നുമാത്രം പറഞ്ഞുകൊള്ളുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ടി. എ. രാമചന്ദ്രയ്യർ—ഞാനും രണ്ടു വാക്കു പറഞ്ഞില്ലെങ്കിൽ ശരിയാകയില്ല. ഇവിടെ എല്ലാവരേയും നോക്കിയപ്പോൾ എന്റെ ജാതിയിൽ ഞാൻ ഒരാളേയുള്ളു. നമ്പൂതിരിയിൽ രണ്ടാളുകൾ ഉണ്ടു; മുസ്ലീം രണ്ടുപേരുണ്ടു; അമ്പലവാസികളും രണ്ടാളുണ്ടു; ഈഴവരും രണ്ടാളുണ്ടു. എന്നാൽ ഞങ്ങളുടെ ജാതിക്കാരുടെ കാര്യം പറയുവാൻ ഞാൻ ഒരുത്തനേയുള്ളു. അതുകൊണ്ടു അവരേയുംമറക്കരുതു. ഞങ്ങളുടെ ഇടയിലും പല ജാതിക്കാരുണ്ടു. അവരുടെ കാര്യവും കൂടി ഓർക്കണമെന്നു മാത്രം പറഞ്ഞുകൊള്ളുന്നു.

മിസ്റ്റർ കെ. പി. വള്ളോൻ— ഞാനും ഈ നിശ്ചയത്തെ പിന്താങ്ങുന്നു. ഇന്നത്തെ വാദപ്രതിവാദങ്ങളിൽ പ്രാതിനിധ്യം കുറഞ്ഞ സമുദായങ്ങൾക്കു ഉദ്യോഗം കൊടുക്കണ്ട എന്നു് ആരും പറഞ്ഞതായി കേട്ടില്ല. എല്ലാവരും എന്റെ സമുദായത്തിനു കിട്ടണം, എന്റെ സമുദായത്തിനു കിട്ടണം എന്നാണു് കൂടുതൽ വാദിച്ചിട്ടുള്ളതു്. ഇപ്പോൾ കൊടുത്തിട്ടുള്ള ഉദ്യോഗങ്ങളെ സംബന്ധിച്ചു് ഒരു കണക്കെടുത്തു നോക്കിയാൽ അറിയാം കൂടുതൽ ഏതു സമുദായക്കാർക്കാണു് കിട്ടിയിട്ടുള്ളതെന്നു്. ഇന്നതന്നെ ഒരു അധഃകൃതൻ ഒരു ഡിപ്പാർട്ടുമെണ്ടു മേലദ്ധ്യക്ഷന്റെ അടുത്തു് ഒരു രൂപായുടെ ജോലികിട്ടണമെന്നു കാണിച്ചു് ഹർജി കൊടുത്തപ്പോൾ "നിനക്കു തുമ്പവെട്ടതന്നെ കൊള്ളാം, അതല്ലേ നല്ലതു്. അതിനു നല്ലവണ്ണം കൂലി കിട്ടുമെല്ലോ." എന്നാണു് മറുപടി പറഞ്ഞതു്. ഒരാൾ ഉദ്യോഗം കിട്ടണമെന്നു പറഞ്ഞു് ഒരു മേലധികാരിയുടെ പടിവാതുക്കൽ ചെന്നുനില്ക്കുന്നതിന്റെ ഉദ്ദേശം അവർക്കു മറ്റുള്ളവരെപ്പോലെ കഷ്ടപ്പാടുകൾ കുറഞ്ഞവിധത്തിലുള്ള വല്ല ജോലികളും ചെയ്തു കാലം കഴിച്ചു കൊള്ളാമെന്നു് ആഗ്രഹിച്ചുകൊണ്ടായിരിക്കും. സാധാരണയായി ഏതു സമുദായങ്ങളെ എടുത്തുനോക്കിയാലും എല്ലാവർക്കും ഓരോ ജോലികളുണ്ടായിരിക്കും. അതിനെ സംബന്ധിച്ചു പറയുകയാണെങ്കിൽ ഏതു സമുദായത്തിൽപെട്ട ആളുകൾക്കും അവരവരുടെ തൊഴിലുകൾ എടുക്കുകയാണു് നല്ലതു്. ഗവർമ്മെണ്ടുദ്യോഗം പാരമ്പര്യമല്ല.

ഞാൻ ഇവിടെ പലപ്പോഴും ഉദ്യോഗനിയമനങ്ങളെക്കുറിച്ചു പറഞ്ഞിട്ടുള്ളതാണു്. അതുകളെല്ലാം മേലധികാരിയുടെ സമുദായത്തിൽ ഉള്ള ആളുകളെ വയ്ക്കുന്നുവെന്നാണു് അതിൽനിന്നും എനിക്കു ഗ്രഹിയ്ക്കുവാൻ സാധിച്ചിട്ടുള്ളതു്. ഞങ്ങളുടെ സംരക്ഷണ ഡിപ്പാർട്ടുമെണ്ടിൽ മാത്രമല്ല, ഏതു ഡിപ്പാർട്ടുമെണ്ടു നോക്കിയാലും അവരവരുടെ ആളുകളേ അധികം കാണുകയുള്ളു. എന്നാൽ നിരപ്പു ഒരു നിയമം വെച്ചു നിയമിക്കുകയാണെങ്കിൽ, അധഃകൃതരെതന്നെ ഡിപ്പാർട്ടുമെണ്ടു മേലദ്ധ്യക്ഷനായി നിയമിക്കിലും ഈ ആക്ഷേപത്തിനു ഒരു കുറവുമുണ്ടാകയില്ല. ഇനി മേലാലെങ്കി

LIBRARY ARCHIVES Kerala Legislative Assembly

ലും അവരവരുടെ ജാതിക്കാരെ നിയമിക്കുകയെന്നുള്ള ആ സമ്പ്രദായം പോയി മാറണമെന്നുള്ള ഉദ്ദേശമാണ് ഈ കട്ട് മോഷന്റെ താല്പര്യം. ഒരു ഡിപ്പാർട്ടുമെന്റിന്റെ മേലധ്യക്ഷനായ് അവരെ എടുത്തു വളർത്തിയ ആളുകളുടെ ശുപാർശയുണ്ടായിരിയ്ക്കാം; അല്ലാത്തപക്ഷം അവരുടെ മകനോ മരുമക്കളോ അവരുടെ കുടുംബത്തിലുണ്ടാകാം. ഇങ്ങിനെയൊക്കെ നോക്കിയാൽ അധികം ഈ തരത്തിലാണ് ഉദ്യോഗങ്ങളിൽ ആളുകളെ നിയമിക്കുന്നതു്. അധികൃതന്മാർക്കു് പ്രാതിനിധ്യം കുറഞ്ഞ സമുദായങ്ങൾക്കു് ഉദ്യോഗം കൊടുക്കരുതെന്നുള്ള നിർബ്ബന്ധം കാണുന്നില്ല. അതു് പരമാർത്ഥമായിരിക്കാം. എന്നാൽ ഇങ്ങിനെയുള്ള ശുപാർശകളും പരിതസ്ഥിതികളുമെല്ലാം വന്നാൽ എങ്ങിനെയാണ് അവരുടെ ആളുകൾക്കു കൊടുക്കാതിരിക്കുന്നതു്? ഇപ്പോൾ പ്രാതിനിധ്യം കുറഞ്ഞ സമുദായങ്ങൾക്കു ജോലി കിട്ടാതെവരുന്നുവെന്നുള്ളതിനെപ്പറ്റി ഗവർമ്മെണ്ടിനെ ധരിപ്പിക്കുവാൻ വേണ്ടിമാത്രം ഞാൻ രണ്ടു വാക്കു പറഞ്ഞതാണ്.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ.— സർ, ഞാൻ എണീറ്റു നില്ക്കുന്നതോടുകൂടി നാലുഭാഗത്തുനിന്നും എഴുത്തച്ഛന്മാരുടെ കാര്യം പറയുവാൻ വേണ്ടിയാണോ പുറപ്പാട് എന്നൊരു ശബ്ദം കേൾക്കുന്നു. എന്നാൽ എന്റെ ഉദ്ദേശം അതൊന്നുമല്ല. ഈ ഉപക്ഷേപംകൊണ്ടുവന്ന മാന്യമെമ്പർ വിചാരിച്ച കാര്യമെന്താണെന്നു നോക്കുന്നതിനുപോലും തീരെ ശ്രദ്ധവയ്ക്കാതെ ഈ സഭയിൽ ഓരോ മെമ്പർമാരും ചെയ്ത പ്രസംഗങ്ങളുടെ ഉദ്ദേശം ഇന്നതാണെന്നു ചൂണ്ടിക്കാണിയ്ക്കുവാൻ മാത്രമാണ് ഞാൻ വിചാരിയ്ക്കുന്നതു്. "To urge upon the Government the Justice of giving representation on the Secretariat staff to the inadequately represented communities" എന്നുമാത്രമാണ്. ഇവിടെ കേട്ട പ്രസംഗങ്ങളിലൊന്നിലും പ്രസംഗിക്കുന്ന മെമ്പറുടെ സമുദായത്തിൽ നിന്നാരേയും വെച്ചിട്ടില്ലെന്നു മാത്രമല്ലാതെ പൊതുവെ പ്രാതിനിധ്യംകുറഞ്ഞ സമുദായക്കാരെ വെച്ചിട്ടില്ല എന്നുള്ള പൊതുവിഷയത്തെപ്പറ്റി പറഞ്ഞുകാണുന്നില്ല. ഒരു സംഗതി ഇന്നു വിശേഷമായി കാണുന്നുണ്ട്. അവശസമുദായങ്ങളുടെ കാര്യം ഈ സഭയിൽ കൊണ്ടുവരുന്ന അവസരത്തിൽ അവശസമുദായങ്ങളിൽപെട്ട മെമ്പർമാർ അതിനെപ്പറ്റി വല്ലതും പറയുന്നതല്ലാതെ മറ്റുള്ളവരൊന്നും പറയാറേ ഇല്ല. എന്നാൽ ഇന്നു പ്രസംഗിച്ച മെമ്പർമാരിൽ ചിലരുടെ—പ്രത്യേകിച്ചും ഇരിങ്ങാലക്കുട മെമ്പരുടെ പ്രസംഗത്തിൽനിന്നു് ഒന്നു ഞാൻ കേട്ടു. അതെ, പ്രാതിനിധ്യംകൂടുതലുള്ള ഒരു സമുദായത്തിലെ ഒരു മാന്യൻ പറയുന്നു:— "പരീക്ഷായോഗ്യതയുണ്ടെന്നു കണ്ടാൽ പ്രാതിനിധ്യം കുറഞ്ഞവർക്കു ഉദ്യോഗം കൊടുക്കുവാൻ വിരോധമില്ലെന്നു്." ഇതു വളരെ അ

LIBRARY ARCHIVES Kerala Legislative Assembly

ശോസജനകംതന്നെ. അവതാരകൻ പ്രമേയം അവതരിപ്പിച്ചു കൊണ്ട് ലത്തീൻ ക്രിസ്ത്യാനികൾക്ക് ഉദ്യോഗം കൊടുക്കണം എന്നു് ഈ പ്രമേയത്തിലില്ലാത്ത ഒരു സംഗതി ചൂണ്ടിക്കാണിച്ചു പ്പോൾതന്നെ ആ പ്രമേയത്തിനുള്ള ഭംഗി കുറഞ്ഞു. പൊതുവേയുള്ള ഒരു കാര്യം വാദത്തിനു കൊണ്ടുവന്നു പ്രത്യേക സമുദായത്തിനേറയോ വ്യക്തിയുടേയോ കാര്യം പ്രതിപാദിക്കുന്നതു് ഒട്ടും തന്നെ ശരിയായിട്ടുള്ളതല്ല.

മിനിഞ്ഞാന്നു് വൈകുന്നേരം സെക്രട്ടറി അവർകൾ വായിച്ച ലിസ്റ്റിൽനിന്നും ഹജൂരാഫീസ്സിൽ പ്രാതിനിധ്യംകുറഞ്ഞ സമുദായാംഗങ്ങൾക്ക് ഉദ്യോഗം കൊടുക്കുവാൻ ഇനി മാർഗ്ഗമില്ലെന്നു പറയുവാൻ ഇടയാക്കീട്ടുണ്ട്. അദ്ദേഹം അവശസമുദായങ്ങളുടെ കാര്യത്തിൽ വേണ്ടത്ര ശ്രദ്ധവയ്ക്കുമെന്നു് അവർക്കു ബോദ്ധ്യമുണ്ടു്. അതു് അദ്ദേഹത്തെ ഒന്നുകൂടി ഓർമ്മപ്പെടുത്തുവാൻ വേണ്ടി മാത്രമാണു് ഈ ഉപക്ഷേപം അവതരിപ്പിച്ചതെന്നു് അദ്ദേഹം വെച്ചാൽ മതി. അല്ലാതെ വേറെ ഒരുതരത്തിലും ഇതിനു വ്യാഖ്യാനം കൊടുക്കരുതെന്നു ഞാൻ പ്രാതിനിധ്യം കുറഞ്ഞവർക്കുവേണ്ടി അദ്ദേഹത്തോടപേക്ഷിക്കുന്നു. ഇപ്പോൾ ബഡ്ജറ്റുപുസ്തകത്തിൽനിന്നു കാണുന്നതു് അടുത്തകൊല്ലംമുതൽക്കു് ഹജൂരാപ്പീസ്സിൽ അഞ്ചു ഗ്രേഡുകളിലായി ഒരു സൂപ്രണ്ടിനേയും വയ്ക്കുന്നുണ്ടെന്നാണു്. അങ്ങിനെ ആളുകളെ വയ്ക്കുന്ന അവസരത്തിൽ ഇപ്പോൾ പ്രാതിനിധ്യമില്ലാതിരിയ്ക്കുന്ന സമുദായങ്ങളിൽപെട്ടവരിൽനിന്നു് കുറച്ചാളുകളെയെങ്കിലും അദ്ദേഹം അവിടെ ചെലുത്താതെ ഇരിയ്ക്കയില്ല എന്നു് ഇതുവരെയുള്ള അദ്ദേഹത്തിന്റെ നടപടികൊണ്ടു് നമുക്കു തീർച്ചയായും വിശ്വസിക്കാം. പക്ഷേ അങ്ങിനെചെയ്യുന്ന അവസരത്തിൽ ചില ബുദ്ധിമുട്ടുകളെല്ലാം വന്നുകൂടുന്ന ഒരവസ്ഥ അടുത്തുകാലത്തു് ഗവർമ്മെണ്ടിനുണ്ടായിട്ടുണ്ടു്. എന്നാൽ അതു് അത്ര വലുതായിരിയ്ക്കുവാനില്ല. ഒരേ ഉദ്യോഗത്തിനു് പല സമുദായങ്ങളിൽനിന്നും അപേക്ഷകന്മാർ ഉണ്ടായിരിയ്ക്കും. അവരുടെ പരീക്ഷായോഗ്യത എടുത്തുനോക്കിയാൽ പലവിധത്തിലുള്ള യോഗ്യതകൾ സിദ്ധിച്ചിട്ടുള്ളവരുമുള്ളതായികാണും. അങ്ങിനെയിരുന്നാലും പ്രാതിനിധ്യംകുറഞ്ഞവരുടെ ചുരുങ്ങിയ പരീക്ഷായോഗ്യതയെ സ്വീകരിയ്ക്കുകയല്ലാതെ വലിയ പരീക്ഷക്കാരെ ആ കാരണത്തിന്മേൽ എടുക്കരുതു്. എന്നാൽ ഈ അടുത്തകാലത്തു് ഗവർമ്മെണ്ടിനു് ചില തെറ്റുകൾ പറ്റീട്ടുണ്ടോ എന്നു സംശയിയ്ക്കേണ്ടിയിരിക്കുന്നു. അതു് എങ്ങിനെയെങ്കിലുമാകട്ടെ പ്രാതിനിധ്യംകുറഞ്ഞ സമുദായക്കാരെക്കുറിച്ചു് ആലോചിയ്ക്കുമ്പോൾ ആ മനഃസ്ഥിതി ഒന്നുമാറണമെന്നാണു് എനിക്കു ഗവർമ്മെണ്ടിനോടു് അപേക്ഷിക്കുവാനുള്ളതു്. ഏതെങ്കിലും ഉദ്യോഗത്തിനു് ആളെ വെക്കുവാൻ ഗവർമ്മെണ്ടിനു് എടവരുമ്പോൾ അതിനു് ആവശ്യമുള്ളതും മതിയാ

LIBRARY ARCHIVES Kerala Legislative Assembly

യുമായ ചുരുങ്ങിയ പരീക്ഷായോഗ്യതയുള്ള ആളുകൾ അവരെ സമുദായത്തിൽനിന്നു് അപേക്ഷകന്മാരായിട്ടുണ്ടെങ്കിൽ അവരെ നിയമിക്കുന്നതല്ലാതെ പ്രാതിനിദ്ധ്യമുള്ളവരിൽനിന്നു് അധികപരീക്ഷാബലമുള്ളവരെ സ്വീകരിക്കരുതെന്നു ഗവമ്മെണ്ടിനോടു് ഞാൻ വിനീതമായി അപേക്ഷിക്കുന്നു. സമുദായപ്രാതിനിദ്ധ്യം കുറഞ്ഞവരിൽനിന്നു് കായ്ക്ഷമതക്കു് തകരാറുവരാത്തവിധത്തിലുള്ള ആളുകളെ, ആ ഉദ്യോഗത്തിനുവേണ്ട യോഗ്യതയുള്ളവരെ എടുക്കണം. അല്ലാത്തപക്ഷം സമുദായപ്രാതിനിദ്ധ്യം കുറഞ്ഞവർക്കു് അതിനകത്തു കടന്നുപോകുവാൻ യാതൊരു നിവൃത്തിയുമുണ്ടാകയില്ല. ബി. എ ക്കാരന്റെ ഒരു ഒഴിവുവരുമ്പോൾ ബി. എ. പാസായ ആൾ അവരുടെ സമുദായത്തിൽ ഉണ്ടെങ്കിൽ അവർക്കു കൊടുക്കാമല്ലോ. മറ്റു ജാതിക്കാരിൽ ബി. എ. പാസായവർ ഉണ്ടാകും, ത്തീയ്യപ്പോയവർ ഉണ്ടാകും, ഒന്നുരണ്ടു ഡിഗ്രികൾ ഒന്നായിട്ടു മൊണ്ടുവന്നവരുണ്ടാകും, ഡിഗ്രി തപാൽവഴി വരുത്തിയവരുമുണ്ടാകും, എന്നാൽ ഇവിടെ വെറും ബി. എ., സെൻറ് തോമസ് കാളേജിലോ മഹാരാജാസ് കാളേജിലോ പഠിച്ചു പാസായിട്ടുള്ളവരുണ്ടാകും. അവർക്കു് ഈ ബി. എ. ക്കാരന്റെ ഒഴിവിൽ ഇരിക്കുവാൻ യോഗ്യതയുണ്ടെങ്കിലും അവർക്കു കൊടുക്കാതെ ഞാൻ മുമ്പു പറഞ്ഞപ്രകാരം സമുദായപ്രാതിനിദ്ധ്യം കുറഞ്ഞ ഏറ്റവും ചുരുങ്ങിയ പാസ്സുകാരനു കൊടുക്കണം. ഈ നയമാണു് പ്രവൃത്തിയിൽ കൊണ്ടുവരേണ്ടതെന്നു് ഞാൻ ഗവമ്മെണ്ടിനോടു് അപേക്ഷിച്ചുകൊള്ളുന്നു. എഴുത്തച്ഛന്മാരുടെ കായ്ത്തിനുവേണ്ടി മാത്രം ഞാൻ ഇവിടെ ഇങ്ങിനെ പറയുന്നതാണെന്നു തെറ്റിദ്ധരിക്കരുതെന്നേനിക്കൊരപേക്ഷയുണ്ടു്. ചാക്യാരായാലും വാരിയരായാലും, ഇയ്യുന്നിനായാലും, എഴുത്തച്ഛനായാലും, വാലനായാലും ലത്തീൻ കൃസ്ത്യാനിയായാലും ആരായാലും പ്രാതിനിദ്ധ്യംകുറഞ്ഞ ആളുകളിൽനിന്നു ചുരുങ്ങിയ യോഗ്യതയുള്ള ആളുകളെ ഉദ്യോഗത്തിൽ നിയമിക്കുന്നതുകൊണ്ടു തരക്കേടൊന്നുമില്ല. സിക്കുട്ടറി അവർകൾ തീർച്ചയായിട്ടും ഈ സംഗതിയിൽ മനസ്സുവെച്ചു പ്രവൃത്തിക്കുമെന്നു ഞങ്ങൾക്കു ബോദ്ധ്യമുണ്ടെങ്കിലും ഒന്നുകൂടി ഞാൻ അദ്ദേഹത്തെ ഈ സംഗതി ഓർമ്മിപ്പിച്ചുകൊണ്ടു വിരമിച്ചുകൊള്ളുന്നു.

മിസ്റ്റർ ടി. കെ. നായർ.— സർ, ഈ വിഷയത്തെപ്പറ്റി ഇപ്പോൾ അനവധി ആളുകൾ സംസാരിച്ചതുകൊണ്ടു് ഇക്കാര്യത്തിൽ ഞാനും എന്റെ പ്രസംഗവും കുറയ്ക്കുണ്ട എന്ന ഉദ്ദേശത്തോടുകൂടി രണ്ടു വാക്കു പറയാമെന്നു വിചാരിയ്ക്കുന്നു. ഈ ഉപക്ഷേപം വായിച്ചാൽ വെറും രണ്ടു വാക്കുകൾ മാത്രമേ പറയുവാൻ കാണുകയുള്ളു. സാധാരണ ഞാനും ഇതുപോലെ ഉപക്ഷേപം കൊണ്ടുവരുവാൻ വിചാരിക്കാറുണ്ടു്. എന്നാൽ അൺ റെപ്രസന്റേറ്റഡ് കമ്യൂണിറ്റീസിനു് ഗവമ്മെണ്ടു സർവ്വീസിൽ റെപ്രസന്റേഷൻ കൊടുക്കണമെന്നു് ഒരു നായർ തന്നെ ഉപക്ഷേപം കൊണ്ടുവരുന്നതു ശരിയല്ല എ

LIBRARY ARCHIVES Kerala Legislative Assembly

ന്ന വിചാരിച്ചു് ഞാൻ ആ ഭാരം എടുത്തിരുന്നില്ല. ഇവിടെ കാരിയത്തിൽ നായരു് നായന്മാരാണു് എന്നു പറയുകയുണ്ടായി. ആ അവസരത്തിൽ ഞാൻ ഇവിടെ എണീറ്റിരുന്നുവെങ്കിൽ ഉടനെ ഞാൻ കിരിയത്തിൽ നായരുടെ റപ്രസന്റേഷൻ കൊണ്ടുവരികയാണെന്നു് പറയുകയായി. ഇവിടെ വാലന്റെ കായ്ത്തിലും ചോവന്റെ കായ്ത്തിലും വാളക്കത്തലനായരുടെ കായ്ത്തിലും കുസ്ഥാനികളുടെ കായ്ത്തിലുമുള്ള പ്രാതിനിദ്ധ്യക്കുറവിനെപ്പറ്റി പറയുവാൻ വേണ്ടി ഇങ്ങിനെയൊരു ഉപക്ഷേപം കൊണ്ടുവരേണ്ടതില്ലായിരുന്നു എന്നു് ഞാൻ അവതാരകനെ ഓർമ്മപ്പെടുത്തുന്നു. ഇവിടെ അൺറപ്രസെന്റേഷന്റെ നിലയിൽ പറഞ്ഞിട്ടു് ഇപ്പോഴത്തീൻകുസ്ഥാനിയ്ക്കു പ്രാതിനിദ്ധ്യം കിട്ടണമെന്നു പറയുന്നു. ഒരുകൂട്ടരും അതിൽ വിരോധിയല്ലെന്നു് ഞാൻ അദ്ദേഹത്തെ പറഞ്ഞു ധരിപ്പിച്ചു കൊള്ളുന്നു. ഈ സംഗതിയ്ക്കു് ഒരു രൂപം ഉണ്ടാക്കണമെന്നു് പലതവണയും ഞാൻ ഗവമ്മെണ്ടിനോടു അപേക്ഷിച്ചിട്ടുണ്ടു്. ഇതിനെപ്പറ്റിയുള്ള വാദം കുറയ്ക്കണം, നിയമസഭയിൽ വെച്ചു് ഈ വാദം വേണ്ട, ഗവമ്മെണ്ടു ഒരു നിയമം ഉണ്ടാക്കുക, നിയമപ്രകാരം നടത്തുക, നായന്മാക്കുദ്യോഗമില്ലെങ്കിലും വേണ്ട; ഈ വഷളത്വം ഒന്നും വേണ്ടെന്നു ഞാൻ പലപ്പോഴും പറഞ്ഞിട്ടുണ്ടു്. ഇതിന്റെ അവതാരകൻ കുസ്ഥാനികളുടെ റപ്രസന്റേഷനല്ലെന്നും കമ്മ്യണിറ്റീസിനു വേണ്ടി വാദിക്കുകയാണെന്നും തെക്കെ ഇഴവമെമ്പർ പറഞ്ഞാൽ ഞാൻ പിൻവലിക്കാം. അൺറപ്രസന്റേഷൻ എന്നു പേരു പറഞ്ഞിട്ടു് ലെത്തീനു കിട്ടിയില്ല, ജാക്കോബയറനു കിട്ടിയില്ല എന്നു പറഞ്ഞാൽ എന്തർത്ഥമാണു് അതിലുള്ളതു്? ഞങ്ങളുടെയിടയിൽതന്നെ കാരിയത്തിൽനായരു്, വെളുത്തേടത്തുനായരു്, വിളക്കിത്തലനായരു്, ഇങ്ങനെ പലരുമുണ്ടു്, നാട്ടിൽ പോയിവന്നാൽ ഇനിയും കുറെ നായന്മാരുടെ പേരു പറയാം. ഇതിൽ ചില വേഷമൊക്കെ കെട്ടി ഇടയ്ക്കുകടി ചില സൂത്രങ്ങളും ആണു് കൊണ്ടുവരുന്നതു്. കട്ടു് മോഷ്ടാവിന്റെ വേഷം, To urge upon the Government the justice of giving representation on the Secretariat Staff to the inadequately represented communities ഇതാണു്. എത്ര Innocent ആയിരിക്കുന്നു ഇതിന്റെ വേഷം. വേഷം കണ്ടാൽ യാതൊരു ഉദ്ദേശവുമില്ല. ഭാഷയും വളരെ നല്ലതു്. സുഖമായിട്ടു നാലു വാക്കും അദ്ദേഹം സംസാരിച്ചു. ഞാൻ പറയുന്നതു് personal ആയിട്ടാണെന്നു തോന്നിക്കരുതു്. അതിനിടയ്ക്കുകടി ചില സംഗതികളും അദ്ദേഹം ചെലുത്തി. അതു തൂക്കുവാനുള്ള തുലാസു റയിൽവെകമ്പനിയിൽകൂടിയില്ല. അത്ര ഘനമായിട്ടുള്ള വിഷയങ്ങൾ അദ്ദേഹം ചെലുത്തി. തെക്കെ ഇഴവമെമ്പർ പ്രസംഗിച്ചതിൽ നിന്നോ മിസ്റ്റർ വാരിയർ പ്രസംഗിച്ചതിൽനിന്നോ മറ്റു മെമ്പർമാർ പ്രസംഗിച്ചതിൽനിന്നോ പട്ടരും നായരും വാരിയരും അ

LIBRARY ARCHIVES Kerala Legislative Assembly

ൺറപ്രസന്റേറ്റീവ് കമ്മീഷനിനെ കൊടുക്കുന്ന കാര്യത്തിൽ ഞങ്ങൾ ഉത്സാഹികളാണെന്നോ പറഞ്ഞിട്ടുള്ളൂ. ഒരാളോ രണ്ടാളോ തെറ്റിദ്ധരിച്ചതുകൊണ്ട് കമ്മീഷനിനെ മുഴുവൻതെറ്റിദ്ധാരണയുണ്ടാകയില്ല. ശവമ്മെണ്ടിനോട് എനിക്കു പറയുവാനുള്ളത്, അനാവശ്യകാലമായി ഈ വഴക്കു തുടങ്ങിയിട്ട്. ഇതു് ഇല്ലാതാക്കുവാൻ വേണ്ടി ഒരു സിവിൽസപ്ലീസു വേണമെന്നു പറഞ്ഞു. അതു സാധിച്ചുപ്പെട്ടില്ല. ശവമ്മെണ്ടിനു വല്ലതും അതുസംബന്ധമായി ഈ രാജ്യത്തു നടപ്പാക്കുവാൻ സാധിക്കുന്നില്ലെങ്കിൽ സാധാരണ ഏർപ്പെട്ടതാരുള്ളതുപോലെ ഒരു കമ്മിറ്റിയെങ്കിലും നിശ്ചയിക്കുക. എന്നിട്ട് അതു നടപ്പിൽ വരുത്താതിരുന്നാൽ കഴിഞ്ഞെല്ലൊ. ചോദിക്കുമ്പോൾ മറുപടി പറയുവാനും ഒരു വഴിയായി. പട്ടരൊ, നായരൊ, നമ്പൂതിരിയൊ, ഈഴവനൊ ഒക്കെ ചേർന്നു് ഒരു കമ്മിറ്റിയെ നിശ്ചയിച്ചുകഴിഞ്ഞാൽ അവർതമ്മിൽ കിടന്നു തല്ലിച്ചുകൊള്ളും. അവർ എല്ലാംകൂടി നിശ്ചയിക്കുന്നതുപോലെ ശവമ്മെണ്ടും നിശ്ചയിച്ചാൽ മതി. ഏതെങ്കിലും ഒരു ചോദ്യം വന്നാൽ ഇങ്ങിനെ ഒരു ചോദ്യം വന്നിരിക്കുന്നു; നിങ്ങൾ ഇതു തീർപ്പുണ്ടാക്കുക എന്നു പറഞ്ഞു് അവരെ ഏല്പിച്ചാൽ മതി. ഇതു തീരെ നിസ്സാരമായ ഒരു കാര്യമല്ല. വലുതായ ഒരു സൂത്രമാണ്. അവരുടെ കയ്യിൽ ഈ ഭാരം ഏല്പിച്ചുകഴിഞ്ഞാൽ ഈ അടുത്തകാലത്തൊന്നും ഒരു ഇളക്കവുമില്ല. കമ്മിറ്റി റിപ്പോർട്ട് സമർപ്പിക്കുകയുമില്ല. (ചിരി) അതുകൊണ്ടു് ഇങ്ങിനെയെങ്കിലും ചെയ്തിട്ടു് ഈ വഴക്കുകൂടാതെകഴിച്ചാൽ കൊള്ളാം. അൺ റപ്രസന്റേറ്റീവു കമ്മീഷനിന്റെ കാര്യത്തിൽ പ്രത്യേകിച്ചു് ഒരപേക്ഷയുള്ളതു് ഞങ്ങളാരും അവരുടെ കാര്യത്തിൽ എതിരില്ല. വലിയ ഉത്സാഹികളുമാണ്. ഒരു പതിനഞ്ചുകൊല്ലത്തെയ്ക്കു് നായക്ക ഉദ്യോഗമില്ലെന്നു ശവമ്മെണ്ടു പറഞ്ഞാലും—ഞങ്ങളുടെ കാര്യം നോക്കാതെ ചെയ്യുകയില്ല എന്നുള്ള മനോധർമ്മംകൊണ്ടു പറഞ്ഞതാണ്. (ചിരി)—വിരോധമില്ല. ഇതൊന്നും ചർച്ചകളയേണ്ട കാര്യമല്ല. ഞാൻ പറഞ്ഞ കമ്മിറ്റിയുടെ കാര്യം പ്രത്യേകിച്ചു ഓർമ്മിക്കണം. രണ്ടുകൂടം കമ്മിറ്റിക്കാർ കൊണ്ടുവരുമ്പോൾ അതുപ്രകാരം നടക്കണം, അതിനുള്ള കാലം വൈകി എന്നു മാത്രമേ എനിക്കു പറയുവാനുള്ളൂ.

മിസ്റ്റർ പി. കുഞ്ഞുമേനോൻ.—സാമുദായിക പ്രതിനിധ്യമെന്നുള്ള വിഷയം ധാരാളമായി ഈ സഭയിൽ വാദപ്രതിവാദത്തിനു് വന്നിട്ടുണ്ടെങ്കിലും ഞാൻ ഒന്നുംതന്നെ അതിനെക്കുറിച്ചു് സംസാരിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. എന്തുകൊണ്ടാണ് സംസാരിക്കാതിരുന്നു് എന്നുവച്ചാൽ അതിനേക്കുറിച്ചു് എല്ലാവർക്കും ഒരു സമാധാനം വരത്തക്കവണ്ണം ഒരുവഴി കണ്ടുപിടിക്കുവാൻ ഉണ്ടോ എന്നു നല്ലവണ്ണം ആലോചിച്ചിട്ടുവേണം ഏതാണ്ട് എന്റെ ഒ

LIBRARY ARCHIVES Kerala Legislative Assembly

രു അഭിപ്രായം പറയുവാൻ എന്നെവിചാരിച്ചതുകൊണ്ടാണ്. അങ്ങിനെ ആലോചിച്ചതിൽ ഇതുവരെ ശരിയായ ഒരു വഴി എന്നിയ്ക്കു കണ്ടുകിട്ടിയിട്ടില്ല. എന്നാൽ ഇന്നത്തെ സംസാരത്തിൽനിന്നു വല്ലതായിട്ടുള്ള പല പുതിയ സംഗതികളും കേൾക്കുകയുണ്ടായി. ആ കൂട്ടത്തിൽ ആദ്യം കേട്ടതു് നായരും ക്ഷുരകനും ഒന്നായിട്ടാണു് കണക്കാക്കിയിരിക്കുന്നതു് എന്നാണു്. അങ്ങിനെ വെറുതെ തെറിധരിച്ചു കല്പിച്ചുകൂട്ടി ദുഷിച്ചുപറഞ്ഞതാണെന്നു ഞാൻ വിചാരിക്കുന്നില്ല. എന്നാൽ അതു പറയുവാൻ കുറച്ചു ന്യായമുണ്ടെന്നു് എനിക്കു തോന്നുന്നുണ്ടു്. Safety Razor വന്നതുടങ്ങിയതിനു ശേഷം എല്ലാവരും ഒന്നായിട്ടുണ്ടു്. അങ്ങിനെ വിചാരിച്ചു പറഞ്ഞതായിരിക്കുമോ എന്നു് എനിക്കു ശങ്കയുണ്ടു്. അതു കിടക്കട്ടെ. ഈ വിഷയത്തിൽ എനിക്കു കാര്യമായിട്ടു പറയുവാനുള്ളതു് ശവമ്മെണ്ടിനോടുതന്നെയാണു്. ശവമ്മെണ്ടു് ഇക്കാര്യത്തിൽ കഴിയുന്നതും ശ്രമിക്കുന്നുണ്ടെന്നുള്ളതു് എനിക്കു ബോദ്ധ്യമാണു്. അതിനു് ഒരു ഉദാഹരണം പറയാം.

രണ്ടാളുകൾ—ആളുകളുടെ പേരു പറഞ്ഞിട്ടു കാര്യമില്ല, അവർ നായന്മാരല്ല. ഉദ്യോഗത്തിനുവേണ്ടി വല്ലതും ശ്രമിച്ചാൽ കൊള്ളാം, വല്ലവരോടും ഒന്നുപറഞ്ഞാൽകൊള്ളാം എന്നു് എന്നോടുവന്ന ആവശ്യപ്പെട്ടപ്പോൾ അവർക്കുവേണ്ടി ഞാൻ ചില ആളുകളുടെ അടുത്തുപറഞ്ഞു. അവർ ആദ്യം പറഞ്ഞതു'' ഇവരുടെ ഗുണദോഷം നോക്കിയേ ചെയ്യുകയുള്ളുവെന്നാണു്. ഇതുകൊടുത്തു എന്നുണ്ടെങ്കിൽ കൌൺസിലിൽചെകിടു കേൾക്കാം, അതുംകൂടി ആലോചിച്ചു ചെയ്താൽ തരക്കേടില്ല എന്നു ഒന്നുകൂടി ശുപാർശചെയ്തിട്ടുണ്ടു്. അവരെ വച്ചിട്ടുണ്ടോ ഇല്ലയോ എന്നറിഞ്ഞുകൂടാ. ഇതൊക്കെ ചെയ്തിട്ടും ഈ മുറവിളി ഒതുങ്ങുന്നില്ലല്ലൊ. ശവമ്മെണ്ടു് ഇതിൽ ഒന്നുചെയ്യണം. ഇതു ആക്ഷം അതു എളുപ്പത്തിൽ മോഹിക്കുവയ്യാത്ത ഒരു സാധനമാക്കിതീർക്കുക. എന്താണെന്നു വച്ചാൽ ജോലിയിൽ കയറിയാൽ ബുദ്ധിമുട്ടേയുള്ളു, സ്ഥലം വളരെ കുറവാണു് എന്നുകണ്ടാൽ—''ശമ്പളം കുറയ്ക്കണമെന്നു പറഞ്ഞാൽ നിങ്ങൾ ദേഷ്യപ്പെടുമായിരിക്കാം—ശമ്പളം കുറച്ചിട്ടെങ്കിലും പണിയുടെ ബുദ്ധിമുട്ടുകുട്ടണം, അതു നടപ്പിൽ വരുത്തുവാൻ ബുദ്ധിമുട്ടാണെന്നുണ്ടെങ്കിൽ ഇക്കാര്യത്തിൽ ഒരു സമാധാനം ഉണ്ടാക്കേണ്ടതു് ശവമ്മെണ്ടിന്റെ അത്യാവശ്യമായ ഒരു ചുമതലയാണു്. ഇത്രത്തോളം ചെയ്താലും ചില ജാതിക്കാർക്കു കൊടുക്കുകയില്ലെന്നു വയ്ക്കുന്നു, ചില ജാതിക്കാർക്കു അധികം കൊടുക്കുകയെന്നുവെക്കുന്നു, ചില ആളുകളെ പിടിച്ചുകൊണ്ടുവന്നുവെക്കുകയെന്നുവെക്കുന്നു എല്ലതിനെപ്പറ്റിയെല്ലാം പലേ രൂപത്തിലായിട്ടു് ആവർത്തിച്ചാവർത്തിച്ചു പ്രസംഗിക്കേണ്ടതാവശ്യം എല്ലാ കൌൺസിലുകളിലും എല്ലാ മീറ്റിംഗുകളിലും വരുന്നുണ്ടു്. ഇതു നാടുനേരുള്ള

LIBRARY ARCHIVES Kerala Legislative Assembly

തിനു് ഒരു ഔഷധമൊ വല്ല ചെപ്പടിവിദ്യകളൊ കണ്ടുപിടിക്കേണ്ടതു് ഗവമ്മെണ്ടിന്റെ ചുമതലയാണു്. ഈ പ്രാതിനിദ്ധ്യം കുറഞ്ഞ സമുദായങ്ങൾക്കു് ഇതിൽ ഒരു നിവൃത്തിമാർഗ്ഗമുണ്ടാക്കണമെന്നുദ്ദേശിച്ചായിരിക്കാം സപ്ലീസുകമ്മിഷൻ വേണമെന്നു ഗവമ്മെണ്ടു ഉത്സാഹിക്കുകയും നടപ്പിൽവരുത്തുവാൻ ഉദ്ദേശിക്കുകയും ചെയ്യുന്നതു് എന്നതൊന്നുമാത്രം. ഇതു് പറയത്തക്ക ഫലവത്തായിട്ടുള്ളതാണെന്നു തോന്നുന്നില്ല. സപ്ലീസു കമ്മിഷൻ വന്നാൽ മതിയെന്നു് വിചാരിച്ചുകൊണ്ടിരിക്കുന്ന ആളുകളുടെഅഭിലാഷമെന്താണെന്നു് എനിക്കു മനസ്സിലാകുന്നില്ല. സപ്ലീസു കമ്മിഷൻവന്നാൽ നമ്മുടെ കായ്യം ശരിയാകുമോ? അവക്കു നടപ്പിൽവരുത്തുവാനുള്ള നിയമങ്ങളം എന്താണെന്നു് അറിയണ്ടേ? ആ നിയമങ്ങളം വന്നതിനുശേഷമല്ലേ സപ്ലീസു കമ്മിഷൻ നടപ്പാക്കുവാൻ തരമുള്ളു. അതുകൊണ്ടു പഴയന്തർ മെമ്പർ പറഞ്ഞപ്രകാരം ഈ മുറവിളികളൊക്കെ ഒന്നു നിറുത്തുവാനായിട്ടു് ഈ കൌൺസിലിൽനിന്നുതന്നെ—വേറെ ആളുകളെ കൂട്ടുന്നതിനു് വിരോധമില്ലെങ്കിലും ഇതിൽനിന്നുതന്നെയാണെങ്കിൽ അവരുടെ അഭിപ്രായം ഗവമ്മെണ്ടിനു് അറിയുവാൻ എളുപ്പമുണ്ടു്—ഒരു കമ്മിറ്റിയെ നിശ്ചയിച്ചിട്ടു് സപ്ലീസു കമ്മിഷൻ നടപ്പിൽവന്നാൽ അവരുടെ നടപടികളെക്കുറിച്ചുള്ള അഭിപ്രായങ്ങളെല്ലാം ക്രോഡീകരിച്ചു് ഒരു റിപ്പോർട്ടു് വരുത്തുവാൻ ഗവമ്മെണ്ടു് ക്രമിച്ചാൽ പലവിധത്തിലും അതു ഗവമ്മെണ്ടിനു ഗുണകരമായിരിക്കുമെന്നാണു് എന്റെ താഴ്മയായ അഭിപ്രായം. വേറെ ചിലസംഗതികൾക്കു് ആളുകൾ ആവശ്യപ്പെട്ടപ്പോൾ റിപ്പോർട്ടുവരട്ടെ എന്നു പറയുന്നതുപോലെ ഇതിലും ആകാം. ഇവർ തമ്മിൽ യോജിച്ചുവരികയാണെങ്കിൽ അവക്കു ഇതിനെക്കുറിച്ചുള്ള ഒരാക്ഷേപം ഈ സഭയെ അറിയിക്കുവാൻ സാധിക്കയില്ല. ഉദ്യോഗങ്ങൾ എങ്ങിനെയാണു് പങ്കുവെക്കേണ്ടതു് എന്നുള്ള കായ്യത്തിൽ കമ്മിറ്റിക്കാരുടെ റിപ്പോർട്ടു വരുത്തിയതിന്റെ ശേഷം സപ്ലീസു കമ്മിഷന്റെകായ്യം ആലോചിച്ചാൽ കൊള്ളാമെന്നാണു് എന്റെ താഴ്മയായ അഭിപ്രായം.

ഇനി നായന്മാരുടെ കായ്യംകൂടി പറഞ്ഞില്ലെന്നു വിചാരിക്കേണ്ട. വസ്തുവത്തിൽ നായന്മാർ ഉദ്യോഗത്തിനുവേണ്ടി ശുപാർശ ചെയ്യണമെന്നു് എന്നോടു എപ്പോഴെങ്കിലും ആവശ്യപ്പെട്ടിട്ടുണ്ടെങ്കിൽ തീർച്ചയായും നിങ്ങൾ അതിനു ശ്രമിക്കരുതു്, അര ഏക്കർ പറമ്പോ മറ്റൊ നിങ്ങൾക്കുണ്ടെങ്കിൽ ഇതിനു പുറപ്പെടരുതു്. കൈക്കോട്ടു് എടുത്തു വേലചെയ്യുകയാണു നല്ലതു എന്നു ഞാൻ പറഞ്ഞിട്ടുണ്ടു്. പിന്നീടും എന്റെ പിന്നാലെവന്നു നിർബ്ബന്ധിക്കുന്നപക്ഷം കഴിയുന്നിടത്തോളം ഞാൻ അങ്ങിനെതന്നെ ഉപദേശിച്ചിട്ടുണ്ടു്. അതു ഫലിച്ചിട്ടുണ്ടോ എന്നു് എനിക്കറിഞ്ഞുകൂടാ. മേലാലെങ്കിലും ഈ മുറവിളി ഈ കൌൺസിലിൽ കടന്നുകഴിക്കുവാൻ ഒരുമാർഗ്ഗം ഗവമ്മെണ്ടു കണ്ടുപിടിച്ചു പ്രവൃത്തി

LIBRARY ARCHIVES Kerala Legislative Assembly

ക്കണം. ഇങ്ങനെയുള്ള ഒരു പ്രവൃത്തിയ്ക്ക് ഒരു കമ്മിറ്റിയെ നിശ്ച യിക്കുന്നതായിരിക്കും നല്ലത്. അതു ഗവമ്മെണ്ടിനു സ്വീകരിക്കു ന്നുമെന്നുണ്ടെങ്കിൽ സ്വീകരിക്കാം.

മിസ്റ്റർ കെ. എം. സീതി— പബ്ലിക്കു സർവ്വീസുകമ്മീഷൻ നി യമിക്കപ്പെടുന്നതിനു മുമ്പു് അതിന്റെ രൂപകല്പന ശ്രദ്ധിക്കുവാൻ ആ നിയമങ്ങൾ കൊണ്ടു് ഉദ്ദ്യോഗനിയമനവിഷയത്തിൽ ഒരു പരി ഹാരമുണ്ടാക്കാം എന്നാണു പറയുന്നതു്. ഇതു് കുതിരയുടെ മുമ്പി ൽ വണ്ടി കെട്ടുക എന്നു പറയുന്നതിനു തുല്യമാണു്. പബ്ലിക്കു സർവ്വീസു കമ്മിഷന്റെ നിയമത്തെക്കുറിച്ചു് ആരും പ്രസ്താവിച്ചു കാണുന്നില്ലെന്നു ഇവിടെ പറയുകയുണ്ടായി. പബ്ലിക്കു സർവ്വീസു കമ്മിഷൻ ഉണ്ടായിട്ടുവേണ്ടേ നിയമത്തെക്കുറിച്ചു ആലോചിക്കുവാ ൻ എന്നാണു ഞാൻ ചോദിക്കുന്നതു്. ഇപ്പോൾ ബ്രിട്ടീഷ് ഇൻഡ്യ യിൽ പബ്ലിക്കു സർവ്വീസു കമ്മീഷൻ നടപ്പിൽ ഇരിക്കുന്നുണ്ടു്. അ വിടെ ചില നിയമങ്ങൾ നടക്കുന്നുണ്ടു്. ആ നിയമങ്ങൾ ഇവിടേ യും സ്വീകാര്യമാണോ എന്നു് ഇവിടത്തെ പബ്ലിക്കു സർവ്വീസു ക മ്മിഷനുവേണ്ടി ഗവമ്മെണ്ടു് ആലോചിച്ചാൽ മതി. അതിനു പ്ര ത്യേകിച്ചു് ഒരു കമ്മിറ്റിയുടെ ആവശ്യമില്ല. ആ നിയമങ്ങളിൽ വല്ല ഭേദഗതികളും വരുത്തുവാനുണ്ടെങ്കിൽ ആ ഭേദഗതികൾ വ രുത്തി ഒരു നിശ്ചയം ചെയ്താൽ ആക്ഷേപം ഒരു അത്ഭുതവും ആക്ഷേപ വും തോന്നുവാൻ ഇടയില്ല. ഇവിടത്തെ വാദപ്രതിവാദങ്ങളിൽ നിന്നു് എനിക്കു ഒരു സംഗതി മനസ്സിലായതു് പ്രാതിനിധ്യമി ല്ലാത്തവർക്കു പ്രാതിനിധ്യം കൊടുക്കണമെന്നു പറയുമ്പോൾ ഗവ മ്മെണ്ടു് രണ്ടു സംഗതികളിലാണു് വളരെ ഭയപ്പെടാറുള്ളതു് എ ന്നാണു്.

ഒന്നാമതു്, സമുദായങ്ങൾ എന്നു വെച്ചാൽ അതിനു ഒരു മാ നദണ്ഡം നിർണ്ണയിക്കുവാൻ സാധിക്കുകയില്ല. അങ്ങനെ സമുദാ യങ്ങൾ ഈ നാട്ടിലുണ്ടു്. അവക്കെല്ലാം പ്രാതിനിധ്യം കൊടുക്കാ മെന്നു വെച്ചാൽ എളുപ്പത്തിൽ സാധിക്കുകയില്ല. അതുകൊണ്ടു് ആവഴിക്കു നോക്കേണ്ടാ. രണ്ടാമതു്. സമുദായങ്ങളുടെ യോഗ്യതയേ യും സദുദ്ദേശത്തെയും ചിന്തിക്കാതെ പറയുക. ഇതുരണ്ടും ശരിയാ ണെങ്കിൽ പ്രാതിനിധ്യത്തിന്റെ വാദത്തിനു പരാജയം പറവാൻ ഈ ഭീതിപ്പെടുത്തൽ പലർക്കും പലപ്പോഴും സഹായമായി രിക്കും. ആ ഭീഷണികളും കേട്ടു ഗവമ്മെണ്ടു ഭയപ്പെടരുതു്. ഗവ മ്മെണ്ടു് യോഗ്യതയില്ലാത്തവരെ ആരേയും സർവ്വീസിൽ വെക്കുകയി ല്ല. കഴിയുന്നതു ഒരുവിധം പരീക്ഷായോഗ്യതയുള്ളവരെ മാത്രമെ നിയമിക്കുകയുള്ളൂ. ഒരപേക്ഷകൻ വരുമ്പോൾ അയാളുടെ യോഗ്യത യുടെ അളവും തൂക്കവും നിർണ്ണയിക്കുവാൻ സാധിക്കുകയില്ല. അ യാൾക്കു് ഒറിജിനാലിറ്റി (originality) എത്രയുണ്ടെന്നു് എങ്ങനെ യാണു് ഒരു ഡിപ്പാർട്ടുമെൻറ മേലധ്യക്ഷനു സ്ഥാപിക്കുവാൻ സാ ധിക്കുക? അയാൾ പക്ഷപാതപൂർവമായിട്ടുള്ള ചിഹ്നങ്ങളൊന്നും ഇല്ലാ-

LIBRARY ARCHIVES Kerala Legislative Assembly

ത്തവനായിരിക്കും. അവൻ അവസരം കൊടുത്തുകഴിഞ്ഞാൽ ഒടുവിൽ ഡിപ്പാർട്ടുമെണ്ടു മേലധ്യക്ഷനു് അയാളുടെ ഒറിജിനാലിറ്റി എത്രയുണ്ടെന്നു ബോധ്യപ്പെട്ടുകയും ചെയ്യും. അതുകൊണ്ടു് യോഗ്യതകൊണ്ടു അളന്നു തൂക്കി നോക്കി വേണം നിയമിക്കുവാൻ എന്നുപറയുന്നതിനർത്ഥമില്ല. കഴിയുന്നതും ഇപ്പോൾ ചെയ്യുവരുന്ന മാനദണ്ഡത്തിൽനിന്നും മുരുക്കമായ ഒരു യോഗ്യതവെക്കുക. അതിൽ കൂടുതൽ യോഗ്യതയുള്ള ആളുകൾ പ്രാതിനിധ്യംകുറഞ്ഞ സമുദായങ്ങളിൽ നിന്നു വന്നാലും അവരുടെ അവകാശത്തെ അവഗണിച്ചുപോലും വെക്കുക. ഏറ്റവും വർജ്ജ്യമായ ഇങ്ങിനെയുള്ള സംഗതികൾ മേലാൽ ഈ കൌൺസിലിൽ വരാതിരിക്കണമെങ്കിൽ അതിലേക്കു നിശ്ചിതമായ ഒരു നിയമമുണ്ടാക്കി അതനുസരിച്ചു പ്രവൃത്തിക്കണം. ബ്രിട്ടീഷിൻഡ്യയിൽ കമ്മൂണൽ റപ്രസെൻറേഷൻ അനുസരിച്ചു ഒരു റൊട്ടേഷൻ സിസ്റ്റം നടപ്പിൽ വരുത്തിയിട്ടുണ്ടു്. ഫ്ര ഉദ്യോഗങ്ങൾ ഉണ്ടെങ്കിൽ ആദ്യം മുസ്ലീം, പിന്നെ ക്രസ്ത്യാനി, യൂറോപ്യൻ, ഹിന്ദു ഇങ്ങിനെ ഒരു രീതിയനുസരിച്ചു് നിയമനങ്ങൾ നടത്തിവരുന്നുണ്ടു്. ഒരു റൊട്ടേഷൻറെ കാലം കഴിഞ്ഞാൽ ഇനിയെത്തെ റൊട്ടേഷൻ എപ്പോഴാണെന്നു ചോദിക്കും. ആ വഴിയനുസരിച്ചു ചെയ്താൽ ഇവിടെ യാതൊരു മുറവിളിയും വഴക്കും ഉണ്ടാകയില്ല. ഡിപ്പാർട്ടുമെണ്ടു മേലധ്യക്ഷന്മാരോടും യാതൊരുസംശയവും ആശങ്കയും ജനങ്ങൾക്കുണ്ടായിരിക്കയില്ല.

പബ്ലിക്കു് സർവ്വീസ്സു് കമ്മിഷൻറെ നിയമനം ഇതുവരെ പുറത്തുവരാതിരിക്കുന്നതിൻറെ കാരണം എന്താണെന്നിരുന്നാലും കഴിയുന്നതും വേഗത്തിൽ അതിൻറെ ഉദ്ദേശങ്ങൾ ഒരു നിയമംകൊണ്ടു സാധിക്കുവാൻ ഉത്സാഹിക്കണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

മാർജ്ജാരനും പൂച്ചയും കിറുക്കുമൊക്കെ കൂടി അവസാനത്തിൽ ഗവർമ്മെണ്ടിനു ഇപ്പോഴുള്ള മാർജ്ജാരൻറെ അവകാശത്തെപ്പോലും ഇല്ലാതാക്കുന്നതായതെ ഞാൻ ഒരിക്കലും വിശ്വസിക്കുന്നില്ല. ഇവിടെ ഇതുവിഷയത്തിൽ പറഞ്ഞുകേൾക്കുന്നതായ ഓരോ ഉദ്ദേശങ്ങൾ മനഃപൂർവ്വമല്ലെങ്കിലും അതെല്ലാം സ്വീകാര്യമായിട്ടുള്ളതാണെന്നു് എനിക്കുതോന്നുന്നില്ല. അതുകൊണ്ടു് ഗവർമ്മെണ്ടു് ഒരിക്കലും നിരുത്സാഹപ്പെടരുതു്. ഇവിടെ സമുദായങ്ങൾ ധാരാളമുണ്ടെന്നു ഗവർമ്മെണ്ടിനറിയാം. ആ സമുദായങ്ങളെക്കുറിച്ചു ചിന്തിക്കരുതെന്നു പറഞ്ഞാലും ഗവർമ്മെണ്ടിനെ ഭയപ്പെടുത്തുവാൻ ആളുകളുണ്ടായിരിക്കും. അന്യരാജ്യങ്ങളിലെല്ലാം അവിടത്തെ സമുദായവിഭാഗങ്ങൾ സ്വീകരിച്ചുവരുന്ന വിധത്തിൽ ഇവിടെപ്രവൃത്തിച്ചാൽ ഈ കൌൺസിലിൽ മുറവിളികൂടാതേയും ഡിപ്പാർട്ടുമെണ്ടു് മേധാവിക്കന്മാർക്കു സുഖമായും ഇരിക്കാം. അതുകൊണ്ടു് അ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങിനെയുള്ള നിയമം കഴിയുന്നതും വേഗത്തിൽ നടപ്പിൽവരുത്തണമെന്നു് അപേക്ഷിക്കുന്നു.

